പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 22

എറണാകുളം 1970 ജൂലായ് 12 ഞായർ

വില 35 പൈസ

* ഈ ലക്കത്തിൽ *

* കുറിപ്പുകൾ

മുന്നണികളെത്തേടി

* ലേഖനങ്ങൾ

അപ്രസക്തി

വരികൾക്കിടയിൽ

* കാഴ്ചപ്പാടുകൾ

പതിനെട്ടിൽ വോട്ടുവേണം

* എഴുതാപ്പുറം

* കാഴ്ചപ്പാടുകൾ

ബ്രിട്ടണിൽ യാഥാസ്ഥിതികർ അധികാരത്തിൽ

* കത്തുകൾ

22

കുറിപ്പുകൾ

## മുന്നണികളെത്തേടി

കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ വീണ്ടും മുന്നണികളെത്തേടി നടക്കുകയാണ്. മുന്നണികളുടെ ചിത്രം വ്യക്തമായിട്ടില്ലെങ്കിലും ഇന്നലത്തെ ശത്രുവിനെ ഇന്നത്തെമിത്രമായി മാററാൻ ഒരു രാഷ്ട്രീയകക്ഷിക്കും മടിയുണ്ടാകുകയില്ലെന്നു എല്ലാവരും മനസ്സിലാക്കിയിരിക്കുന്നു. കഴിഞ്ഞ കാലത്തെ ഐക്യ മുന്നണികളുടെ ഘടനയും പ്രവർത്തനവും തെരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടിയുള്ള എല്ലാത്തരം കൂട്ടുകെട്ടുകൾക്കും കീഴ് വഴക്കത്തിന്റെ സാധുത നൽകുന്നു.

തങ്ങളാഗ്രഹിക്കുന്ന തരത്തിൽ മുന്നണികൾക്കു രൂപം നൽകുന്നതിനുവേണ്ടി തെരഞ്ഞെടുപ്പ് ഉടനെ നടത്തണമെന്നും വൈകി നടത്തിയാലും വിരോധമില്ലെന്നും വാദിക്കപ്പെടുന്നുണ്ട്. സപ്തംബർ ആദ്യത്തിൽതന്നെ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് ഭരണ മുന്നണിക്ക് നേതൃത്വം നൽകുന്ന വലത് കമ്യൂണിസ്റ്റുകാരുടെ യാഗ്രഹം. അധികാരത്തിലിരുന്നുകൊണ്ട് ഇന്നത്തെ ഭരണ മുന്നണിക്കാരെയെല്ലാം തങ്ങളോടൊരുമിച്ച് നിർത്താമെന്നാണ് അവരുടെ ലാക്ക്. മന്ത്രിസഭ രാജിവെക്കുന്നുവെങ്കിൽ ഭരണമുന്നണിയാകെ ശിഥിലമായിപ്പോവുമോ എന്നാണവരുടെ ഭയം. അച്യുതമേനോൻ മുഖ്യമന്ത്രിസ്ഥാനത്തിരുന്നുകൊണ്ട്തന്നെ ഭരണമുന്നണിക്കാർ കിട്ടാവുന്ന സീററുകൾ പങ്കിട്ടെടുക്കണമെന്നാഗ്രഹിക്കുന്നു.

അങ്ങിനെ അധികാരത്തിലുള്ള കക്ഷികൾ സീററു പങ്കുവെച്ചെടുത്തശേഷം കോൺഗ്രസ്സുമായി ധാരണയിലെത്തണമെന്നാണ വലത് കമ്യൂണിസ്റ്റ്കാരുടെ യുദ്ദേശം. മിനിമം പരിപാടി യംഗീകരിക്കാതെ കോൺഗ്രസ്സുമായിച്ചേരാൻ നിർവ്വഹമില്ലെന്നു ഐ. എസ്സ്. പി. നേതാവ് പി. ആർ. കുറുപ്പ് പറഞ്ഞിട്ടുണ്ടെങ്കിലും അതിനു യാതൊരു വിലയും കല്പിക്കാനാവില്ല. ഭരണ മുന്നണിയിലെ വലത് കമ്യൂണിസ്റ്റുകാർക്കും മററുള്ളവർക്കും കോൺഗ്രസ്സിന്റെ വോട്ടുകൾ കൂടാതെ വിജയം സാദ്ധ്യമല്ലെന്നു നന്നായിട്ടറിയാം.

തെരഞ്ഞെടുപ്പ് ഡിസംബറിൽ നടത്തിയാൽ മതിയെന്നു മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് നേതാവ് എ. കെ. ഗോപാലൻ പ്രസ്താവിച്ചതും ഉദ്ദേശപൂർവ്വം തന്നെയാണ്. സപ്തംബർ25നു കഴിഞ്ഞാൽ പിന്നെ അച്യുതമേനോനു മുഖ്യമന്ത്രിയായിത്തുടരാൻ പററില്ല. ആറു മാസത്തിനകം നിയമസഭയിലെ യംഗമാകാൻ സാധിക്കാതെ വരുകയും അച്യുതമേനോൻ രാജിവെയ്ക്കേണ്ടിവരുകയും ചെയ്യും. അതോടെ ഭരണമുന്നണി താറുമാറാവുമെന്നാണ് മാർക്സിസ്റ്റുകാരുടെ കണക്കുകൂട്ടൽ.

തെരഞ്ഞെടുപ്പ് ഒക്ടോബറിൽ നടത്തിയാൽ മതിയെന്നു കോൺഗ്രസ്സുകാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. അവരും അച്യുതമേനോൻ മന്ത്രിസഭയധികാരത്തിൽ തുടരുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. മന്ത്രിസഭ രാജിവച്ചൊഴിഞ്ഞാൽ പിന്നെ കോൺഗ്രസ്സിനു പുതിയ മാക്സിസ്റ്റിതര കൂട്ടുകെട്ടിന്റെ നേതൃത്വം ലഭിക്കുമെന്നായിരുന്നു പ്രതീക്ഷ.

എന്നാൽ കെ. പി. സി. സി. നേതാക്കൾ തലയൂരിപ്പുറത്ത് ചാടൻ നിർവ്വാഹമില്ലാത്ത വിധം വലത് കമ്യൂണിസ്റ്റ്കാരുടെ അടവിൽ കുടുങ്ങി കഴിഞ്ഞു. അതുകൊണ്ടാണ് കെ. പി.സി. സി. നിർവ്വാഹക സമിതിയുടെ അഭിപ്രായത്തിനു വിരുദ്ധമായിപോലും കെ. കെ വിശ്വനാഥൻ തിരുവനന്തപുരത്ത് വെച്ച് പ്രസ്താവന ചെയ്തത്. മന്ത്രിസഭ രാജിവെക്കണംമെന്നു പി. സി. സി.നിർവ്വാഹക സമതി അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ശര രാജിവെയ്ക്കേണ്ടയാവശ്യമൊന്നുമില്ലായെന്നർത്ഥം വരുന്ന വിധത്തിലാണ് വിശ്വനാഥൻ ഡൽഹിക്കുപോകും മുമ്പേ പ്രസ്താവന ചെയ്തത്. ഈ പ്രസ്താവന അന്നു തന്നെ സി. എം. സ്റ്റീഫനും തിരുത്തുകയുണ്ടായി. സി. എം. സ്റ്റീഫൻ അച്ചടക്ക ലംഘനം നടത്തി

യെന്നു വരുത്തത്തക്ക വിധം വിശ്വനാഥന്റെ പക്ഷക്കാരനായ തിരുവനന്തപുരം സി. സി. സി. പ്രസിഡന്റ് വക്കം പുരുഷോത്തമൻ പിറേറ ദിവസം പത്ര പ്രസ്താവനയും നടത്തി.

ഇന്നത്തെ നിലയിൽ ഭരണ മുന്നണിയുമായി കോൺഗ്രസ്സ് ധാരണയിലെത്തുമെന്നു കരുതേണ്ടിയിരിക്കുന്നു. ഇതിന്റെ യടിസ്ഥാനത്തിൽ ഭരണ മുന്നണിക്കാരുടെ ഇഷ്ടംപോലെ സീററ് വിഭജനം നടത്താവുന്ന നിലയിൽ കെ. പി. സി. സി. നേതാക്കൾ കോൺഗ്രസ്സിനെകൊണ്ട് ചെന്നെത്തിച്ചിട്ടുമുണ്ട്. നാല്പതു സീററു കൊടുത്താൽ കോൺഗ്രസ്സിനെ തൃപ്തിപ്പെടുത്താനാകുമെന്ന് വലത് കമ്യൂസ്റ്റ്കാർ മനസ്സിലാക്കുന്നു. ഡൽഹിയിൽ നിന്നു കൂടുതൽ ആത്മവിശ്വാസത്തോടെയാണ് വലത് കമ്യൂണിസ്റ്റ് നേതാവ് എം. എൻ. ഗോവിന്ദൻ നായർ മടങ്ങിയെത്തിയിട്ടുള്ളത്. 1972ലെ പാർളിമെൻറ് തെരഞ്ഞെടുപ്പിൽ കൂടുതൽ സ്ഥാനം നേടണമെന്നതിൽ കവിഞ്ഞ് നിയമ സഭയിൽ കോൺഗ്രസ്സിനു അർഹമായ സ്ഥാനം ലഭിയ്ക്കണമെന്നതിൽ പ്രധാന മന്ത്രിക്കു താല്പര്യമില്ലെന്നും തെളിഞ്ഞു കഴിഞ്ഞു.

ഇനി കെ. പി. സി. സി. യിൽ സ്റ്റീഫന്റെ നേതൃത്വത്തിലുള്ള വിഭാഗം പുതിയ നിലപാടെടുക്കുന്നില്ലെങ്കിൽ ഭരണമുന്നണിയുമായി കോൺഗ്രസ്സ് ധാരണയിലെത്തുകയെന്ന നയം തന്നെ കെ. പി. സി. സി. നേതാക്കൾ സ്വീകരിക്കും. മാർക്സിസ്റ്റ്കാരുടെ നേതൃത്വത്തിൽ ചെറിയ ചെറിയ കക്ഷികൾ ചേർന്നുള്ള മുന്നണിയും അതുമായി ധാരണയിലെത്തിയ സിൻഡിക്കേററുകാരുമായി ഒരുവശത്തും വലതു് കമ്യൂണിസ്റ്റ്കാരുടെ നേതൃത്വത്തിൽ കേരളാകോൺഗ്രസ്സ് മുസ്‌ലിംലീഗ് എന്നിവയുൾപ്പെട്ട മുന്നണിയും അതുമായി ധാരണയിലെത്തിയ കോൺഗ്രസ്സും മറുവശങ്ങമായി ഉടനെ തെരഞ്ഞെടുപ്പ് നടത്തുകയെന്നതാണ് വലതു് കമ്യൂണിസ്റ്റ്കാരുടെ പരിപാടി' ആ പരിപാടി വിജയിച്ചാൽ കോൺഗ്രസ്സുകാരുടെ പിന്തുണയോടുകൂടി ഭരണമുന്നണിപക്ഷത്തിനും കോൺഗ്രസ്സിനും ചേർന്നു നിയമസഭയിൽ ഭൂരിപക്ഷം ലഭിക്കുമെന്നാണ് അവരുടെ പ്രതീക്ഷ.

അങ്ങിനെ പ്രതീക്ഷിക്കുന്നതിൽ വലിയ തെററില്ല. പക്ഷെ അപ്പോഴും പത്തോ ഇരുപതോ സ്ഥാനം നേടുന്ന കോൺഗ്രസ്സിന്റെ പിന്തുണയോടെയല്ലാതെ ഭരണ മുന്നണിക്കു് അധികാരത്തിൽ വരാനാവില്ല. കോൺഗ്രസ്സ് വീണ്ടും നിയമസഭക്കകത്തു് പിന്താങ്ങികളായിക്കൊണ്ട് തുടരുകയോ അതല്ലെങ്കിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുകയോ മാത്രമേ ഗതിയുള്ളു എന്ന സ്ഥിതി ഇങ്ങനെയുള്ള കൂട്ടുകെട്ടിന്റെ ഫലമായി വന്നു കൂടായ്കയില്ല.

കെ. പി. സി. സി. നേതാക്കൾ തൽക്കാലം കോൺഗ്രസ്സ് അധികാരത്തിൽ വരുന്നതിനെപ്പററി ചിന്തിക്കുന്നില്ല. മന്ത്രിമാരാകാൻ ആത്മവിശ്വാസമുള്ള നേതാക്കൾ ഇന്നു കെ. പി. സി. സി. ക്കു് ഇല്ലാത്തതുകൊണ്ടു് അവർ വലതു് കമ്യൂണിസ്റ്റ്കാരുടെ താൽപര്യത്തിനു സ്വയം വഴങ്ങിക്കൊടുത്തതായിരിക്കാം. അധികാരത്തിൽ വരാൻ പാററിയ കോൺഗ്രസ്സ് നേതാക്കളായ സി. എം. സ്റ്റീഫൻ, ആർ ശങ്കർ എന്നിവരോടൊക്കെയുള്ള ശത്രുത കെ. പി. സി. സി. നേതാക്കളെ വഴിതെററിച്ചുവെന്നും പരാതിയുണ്ടാകും. രണ്ടു് മുന്നണിക്കും കേവലഭൂരിപക്ഷം ലഭിക്കാതിരിക്കുകയും കോൺഗ്രസ്സ് നിർണ്ണായക സ്ഥാനത്തു് വരുകയും ചെയ്ത ശേഷം ആരും ഭരണമുണ്ടാക്കാനിടയാകാതെ പ്രസിഡന്റ്ഭരണം ഏർപ്പെടുത്തിയാൽ അതിന്റെയുത്തരവാദിത്വം ആരാണ് വഹിക്കേണ്ടിവരുക? ഇതുവരെ അച്യുതമേനോൻ മന്ത്രിസഭക്കു നിരുപാധിക പിന്തുണ നൽകിയതു് പ്രസിഡന്റ് ഭരണം ഒഴിവാക്കാനാണെന്നു പറഞ്ഞുകൊണ്ടാണ്. ഉടക്കാലതെരഞ്ഞെടുപ്പിനുശേഷം വീണ്ടും കോൺഗ്രസ്സ് കക്ഷി ചേരാതെ പ്രസിഡന്റ് ഭരണം വരുത്തുമോ, അതോ, ഇന്നത്തെപ്പോലെ ഭരണമുന്നണിയെ താങ്ങി നിർത്തുമോ? ഉത്തരം വ്യക്തമാകാത്ത ചോദ്യങ്ങളാണിവ.

കോൺഗ്രസ്സ് ഭരണമുന്നണിയോടൊപ്പം മന്ത്രിസഭയിൽ പങ്കുചേരുകയില്ലെന്നു ഉറപ്പിക്കാം. കാരണം മുസ്ലിംലീഗ് ഉൾപ്പെട്ട മന്ത്രിസഭയിൽ പങ്കാളിയാകാൻ കേന്ദ്ര കോൺഗ്രസ്സ് നേതൃത്വം സമ്മതിക്കുകയില്ല. മുസ്ലിംലീഗുൾപ്പെട്ട ഐക്യമുന്നണിയിൽച്ചേരുന്നതിനു കോൺഗ്രസ്സിനു സാദ്ധ്യമല്ലെന്നു അറിയാറായിട്ടുണ്ട്. വലതു് കമ്യൂണിസ്റ്റ്കാരെയനുകരിച്ച് മുസ്ലിംലീഗ് വർഗ്ഗീയ കക്ഷിയല്ലെന്നു കെ. കെ. വിശ്വനാഥൻ ഡൽഹിയിൽപ്പോകും മുമ്പേ പറഞ്ഞിരുന്നു. പക്ഷെ എ. ഐ. സി. സി. ജനറൽ സെക്രട്ടറി ബഹുഗുണ മുസ്ലിം ലീഗ് വർഗ്ഗീയ കക്ഷിയാണെന്നുതന്നെ അഭിപ്രായപ്പെട്ടു. ഇനി വിശ്വനാഥൻ മുസ്ലിംലീഗിനു മുമ്പ് നൽകിയ മാന്യത നൽകുകയില്ല.

ഇങ്ങനെ എന്താണു ചെയ്യേണ്ടതെന്നറിയാത്ത നിലയിൽ കെ. പി. സി. സി. നേതാക്കൾ കോൺഗ്രസ്സിനെ ചെന്നെത്തിച്ചിട്ടുള്ളതിന്റെ തിരിച്ചടിയായി അടുത്ത കെ. പി. സി. യോഗത്തിൽ സി. എം. സ്റ്റീഫന്റെ നിലപാടിനു ഭൂരിപക്ഷ പിന്തുണലഭിച്ചു കൂടായ്കയില്ല. ഭരണമുന്നണിയുമായുള്ള ബന്ധം ഉപേക്ഷിക്കുകയെന്നതാണ് സ്റ്റീഫൻ പക്ഷക്കാരുടെ ആദ്യത്തെ പരിപാടി. പിന്നീടു് കേരളാകോൺഗ്രസ്സുമായി തെരഞ്ഞെടുപ്പ് ധാരണയുണ്ടാകണമെന്നു ഈ വിഭാഗം കോൺഗ്രസ്സുകാർ ആഗ്രഹിക്കുന്നു. കേരളാകോൺഗ്രസ്സുവഴി മുസ്ലിംലീഗും സിൻഡിക്കേററുമായി ബന്ധപ്പെടാമെന്നും ഇവർ പ്രതീക്ഷിക്കുന്നു. കേരളാ കോൺഗ്രസ്സിനു നൽപ്പെടുന്ന സീററുകളിൽനിന്നു ഒരുവിഭാഗം അവർ മുസ്‌ലിം ലീഗിനും സിൻഡിക്കേററിനും പങ്കുവെച്ചു കൊടുക്കുമെന്നായിരിക്കും ധാരണ. അങ്ങിനെ ഫലത്തിൽ ഒരു ജനാധിപത്യ മുന്നണിക്കു രൂപം നൽകാമെന്നാണ് സ്റ്റീഫൻ പക്ഷക്കാരുടെ നിപാലടു്. വിമോചന സമരത്തിനു ശേഷമുണ്ടായ കമ്യൂണിസ്റ്റ് വിരുദ്ധ കൂട്ടുകെട്ടിന്റെ പുതിയ പതിപ്പായിരിക്കും ഇതു്.

ഈ പദ്ധതി നടപ്പാക്കുന്നതിനു ആദ്യമായി കേരളാ കോൺഗ്രസ്സിനെ ഭരണമുന്നണിയിൽ നിന്നു അടർത്തിയെടുക്കണം. സീററുവിഭജനകാര്യത്തിൽ യോജിക്കാനാവാതെ കേരളാ കോൺഗ്രസ്സ് ഭരണമുന്നണിയിൽ നിന്നു തെററിപ്പിരിയുമെന്നായിരിക്കും സ്റ്റീഫൻ പക്ഷക്കാർ പ്രതീക്ഷിക്കുന്നതു്. കേരളാ കോൺഗ്രസ്സിനകത്തു് തന്നെ പ്രബലമായ ഒരു വിഭാഗം ''മൂന്നു കോൺഗ്രസ്സുകളും'' ലീഗുമായി ച്ചേർന്നു മുന്നണി യുണ്ടാക്കുന്നതിനെയാണ് അനുകൂലിക്കുന്നതു്. കോൺഗ്രസ്സിന്റെ നിലപാടു് ഔദ്യോഗികമായി വ്യക്തമായി ക്കഴിഞ്ഞാൽ കേരളാ കോൺഗ്രസ്സ് ഭരണമുന്നണിയിൽ നിന്നു തെററിപ്പിരിഞ്ഞേക്കാം. അതു് സംഭവിക്കാതിരിക്കണമെങ്കിൽ സീററിന്റെ കാര്യത്തിൽ മുൻകൂട്ടിത്തന്നെ കേരളാ കോൺഗ്രസ്സിനെ തൃപ്തിപ്പെടുത്തേണ്ടിവരും. ഭരണമുന്നണിയുടെ നേതൃത്വം മാത്രം കൈവശം വെച്ചുകൊണ്ട്, കേരളാകോൺഗ്രസ്സിനു ആവശ്യമുള്ളത്ര സീററുകൾ നൽകാൻ വലതു് കമ്മൂണിസ്റ്റുകാർ തയ്യാറായി കൂടാ

(ശേഷം പതിനഞ്ചാം പേജിൽ)

# വരികൾക്കിടയിൽ

## എൻ. കെ. സിങ്ങ്

ഞാൻ കണ്ട് സംസാരിക്കാൻ ചെന്നയാളെപ്പോലെ ആ ശീതകാലരാത്രിക്കും വയസ്സായി തുടങ്ങിയിരുന്നു. എഴുപതു വയസ്സുചെന്ന ഗാന്ധിയൻ തത്വചിന്തകനായ പണ്ഡിററ് സുന്ദർലാലിനെക്കണ്ട് സംസാരിക്കാനാണ് ഞാൻ ചെന്നത്. ചൈനയും ഇന്ത്യയും തമ്മിലുള്ള അതിർത്തിത്തർക്കത്തെക്കുറിച്ച് അദ്ദേഹത്തിന്റെയഭിപ്രായം ഞാൻ ചോദിച്ചു. അപ്പോൾ അല്ലഹാബാദിൽ ഞങ്ങളുടെ രണ്ടുപേരുടേയും ആതിഥേയനായ മാന്യനനുസരിച്ചില്ല. അദ്ദേഹം സ്ഥലംവിട്ടു- (ക്ഷമചോദിക്കാതെയാണ് അദ്ദേഹം സ്ഥലംവിട്ടതു്-ആരാണ് രാജ്യദ്രോഹികളോട് ക്ഷമചോദിക്കുന്നതു്?)

പണ്ഡിററ് സുന്ദർലാലിന്റെയഭിപ്രായത്തിൽ പരേതനായ നെഹ്റു ചൈനയുമായി നല്ല ബന്ധം പുലർത്താനാണ് ആഗ്രഹിച്ചതു്. അക്കാലത്തു് രണ്ടു രാജ്യക്കാരും അങ്ങോട്ടും ഇങ്ങോട്ടും സൌഹാർദ്ദപ്രതിനിധികളെ അയച്ചുകൊണ്ടിരുന്നു. പുതുതായി സ്വാതന്ത്ര്യം നേടിയ ഇന്ത്യയും ചൈനയും തമ്മിൽ പഞ്ചശീലത്തിന്റെയടിസ്ഥാനത്തിൽ പരസ്പരം സൌഹാർദ്ദം പുലർത്തിയ നാളുകളായിരുന്നു അവ. പക്ഷെ ഭാരതത്തിലെ മുതലാളിമാർക്കു സംഗതികൾ ഇഷ്ടപ്പെട്ടില്ല.

1957 ൽ ജനകീയ ചൈന തിബത്തിൽനിന്നു സിക്കിയാങ്ങിലേക്ക് അക്സായലിൻ പ്രദേശത്തുകൂടെ വിലങ്ങനെ ഒരു റോഡ് നിർമ്മിക്കാനാരംഭിച്ചു. ഭാരതത്തിന്റെ പാർളിമെന്റിൽ അമേരിക്കൻ പക്ഷപാതികൾ ഇതു സംബന്ധിച്ച് ബഹളമുണ്ടാക്കി. സ്വതന്ത്രാ-ജനസംഘം എസ്സ്. എസ്സ്. പി. ഒരു വിഭാഗം കോൺഗ്രസ്സുകാര എന്നിവരെയാണ് അമേരിക്കൻ പക്ഷപാതികൾ എന്ന എന്ന പദംകൊണ്ടു് സുന്ദർലാൽ സൂചിപ്പിച്ചതു്. ശാന്തമായ അതിർത്തികളിൽ എന്തിനാണ് സൈനികത്താവളമുണ്ടാക്കുന്നതെന്നായിരുന്നു ഇവരുടെ ചോദ്യം. ഇക്കാര്യം സംബന്ധിച്ച് നെഹ്റു ചൈനയുടെ പ്രധാനമന്ത്രി ചൌൻഎൻലായിക്ക് എഴുതി. ഇന്ത്യക്കുള്ള യഥാർത്ഥ ഭീഷണി അമേരിക്കയിൽ നിന്നാണെന്നു ചൌഎൻലായ് പറഞ്ഞു. പടിഞ്ഞാറെ പാകിസ്ഥാനിൽ വമ്പിച്ച സൈനികത്താവളമുണ്ടാക്കിക്കൊണ്ടു് ഏഷ്യയിലെ സമാധാനത്തെ അമേരിക്ക ഭീഷണിപ്പെടുത്തുന്നുവെന്നാണ് ചൌഎൻലായ് എഴുതിയതു്.

സ്വന്തം പ്രദേശത്തിനുള്ളിലാണ് അക്സായിചിൻ എന്നു ചൈന അവകാശപ്പെട്ടു. എന്നാൽ ഇന്ത്യയുടെ കൈവശമുണ്ടായിരുന്ന ഭൂപടമനുസരിച്ച് ഈ പ്രദേശം ഇന്ത്യക്കകത്തായിരുന്നു. സൈനികവീക്ഷണത്തിൽ അക്സായ്ചിൻ വളരെ തന്ത്രപ്രാധാന്യമുള്ള സ്ഥലമാണെന്നോർക്കണം. പക്ഷെ രണ്ടു രാജ്യക്കാരുടേയും കൈവശത്തിൽ വ്യത്യസ്തമായ ഭൂപടങ്ങളാണുണ്ടായിരുന്നതു്. അതുകൊണ്ടു് കൂടിയാലോചനകളിലൂടെ പ്രശ്നം പരിഹരിക്കാമെന്നു തീരുമാനിച്ചു.

ചൈനക്കും ഇന്ത്യക്കും ഇടയിലുള്ള അതിർത്തിരേഖക്ക് 2600 നാഴിക നീളമുണ്ടു്. ചില സ്ഥലങ്ങളിൽ ഇന്ത്യയുടെ കൈവശത്തിലുള്ള ഭൂപടവും തമ്മിൽ വ്യത്യാസങ്ങളുണ്ടു്. അങ്ങിനെ മൊത്തം 50000 ചതുരശ്രനാഴിക സ്ഥലം തർക്കപ്രദേശമായിത്തീരുന്നു. ചിയാങ്ങ്കൈഷക്കിന്റെ കാലത്തു് അമേരിക്കക്കാർ തയാറാക്കിയ ചൈനയുടെ കൈവശത്തിലുള്ള ഭൂപടങ്ങളാകട്ടെ ബ്രിട്ടീഷ് സാമ്റാജ്യവാദികൾ തയാറാക്കിയവയുമാണ്. അക്കാലത്തു് ഏഷ്യയെ തങ്ങൾക്കിഷ്ടംപോലെ വേട്ടയാടാനുള്ള സ്ഥലമായി കണക്കാക്കി ബ്രിട്ടീഷുകാരും അമേരിക്കക്കാരും പരസ്പരം ശക്തിമത്സരത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. പഴയ സാമ്റാജ്യത്വവികസനനയമനുസരിച്ചാണ് ഇരുകൂട്ടരും സ്വാഭാവികമായും അവരവരുടെ ഭൂപടങ്ങൾ തയാറാക്കിയിരിക്കുക. തർക്കപ്രദേശമായ 50000 ചതുരശ്രനാഴി സ്ഥലത്തിൽ 12000 ചതുരശ്രനാഴിക ചൈനയുടെ അധീനത്തിലായിരുന്നു. 20000 ചതുരശ്രനാഴിക ആരുടേയും അധീനത്തിലല്ലാത്ത പ്രദേശമായി പരിഗണിക്കപ്പെട്ടു. ബാക്കി 18000 ചതുരശ്രനാഴിക സ്ഥലം ഇന്ത്യയുടെ കൈവശത്തിലുമായിരുന്നു.

ഇന്ത്യയിൽ വന്നു നെഹറുവിനെ കണ്ടു് പ്രശ്നം തീരുമാനിക്കാമെന്നു ചൈനാ പ്രധാനമന്ത്രി ചൌഎൻലായ് നിശ്ചയിച്ചു. 1960 ൽ ഡൽഹിയിൽ വെച്ചു സമ്മേളനം നടന്നു. ആറു ദിവസത്തെ ചർച്ചകളുണ്ടായെങ്കിലും മൂന്നാം ദിവസം തന്നെ ചൌഎൻലായ് ഇങ്ങനെ പ്രഖ്യാപിച്ചു. അവകാശവാദങ്ങളുടേയും എതിരവകാശവാദങ്ങളുടേയും ഒരു ഘോരവനം തന്നെയുണ്ടു്, വിപുലമായ തോതിൽ വിവിധതരത്തിലുള്ള രേഖകളും പ്രമാണങ്ങളും ഹാജരാക്കിയതുകൊണ്ടു മാത്രം കാര്യം എളുപ്പത്തിൽ തീരുമാനിക്കാനാവില്ല. രണ്ടു് അയൽ രാജ്യങ്ങൾ തമ്മിൽ അത്തരം അതിർത്തി പ്രശ്നങ്ങൾ സ്വാഭാവികമായി ഉണ്ടാകാവുന്നതുകൊണ്ടു് പരസ്പരം കൊടുത്തും വാങ്ങിയും സംഗതി തീരുമാനിക്കണമെന്നു ചൌഎൻലായ് നിർദ്ദേശിച്ചു. തർക്കപ്രദേശമായ 50000 ചതുരശ്രനാഴിക സ്ഥലത്തിൽ 38000 ചതുരശ്രനാഴിക സ്ഥലം ഇന്ത്യക്കു നൽകാമെന്നു ചൈന നിർദ്ദേശിച്ചു. അതേസമയം അക്സായിചിൻ ഉൾപ്പെടെ 12000 ചതുരശ്രനാഴിക സ്ഥലം ചൈനക്ക് അവകാശപ്പെട്ടതായിരിക്കുമെന്നും നിർദ്ദേശിക്കപ്പെട്ടു. സംഭാഷണങ്ങൾ നടക്കുന്നയവസരത്തിൽ അക്സായ്ചിൻ ചൈനയുടെ കൈവശത്തിലായിരുന്നു.

നിർദ്ദേശം കൊള്ളാമെന്നാണ് നെഹ്റു വിചാരിച്ചതെന്നു പണ്ഡിററ് സുന്ദർലാൽ പറഞ്ഞു. പക്ഷെ കേന്ദ്രമന്ത്രിസഭയിലെ മററു ഉന്നതന്മാരുടെയഭിപ്രായത്തിൽ കമ്യൂണിസ്റ്റ് ഡ്രാഗണിന്റെ വികസനമോഹം ഒന്നുകൂടി വെളിപ്പെടുത്തുന്നതുമാത്രമായിരുന്നു ഈ നിർദ്ദേശം. മന്ത്രിസഭക്കകത്തും പുറത്തും പാർലിമെന്റിലുമുണ്ടായ സമ്മർദ്ദങ്ങൾ കാരണം (അദ്ദേഹത്തിന്റെ മന്ത്രിസഭയുടെ നിലനില്പു തന്നെ അപകടത്തിലായിരുന്നു) നെഹ്റു ചൈനയുടെ നിർദ്ദേശം നിരാകരിച്ചു. 'ഞങ്ങളുടെ ജനതയെ ഞങ്ങൾക്കു തൃപ്തിപ്പെടുത്തണം., അദ്ദേഹം പറഞ്ഞു.' ഞങ്ങളുടെ ഭാഗത്തു് ജനങ്ങളൊന്നുമില്ലേ? ചൈനാക്കാർ ചോദിച്ചു.

അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർക്കാൻ രണ്ടു പ്രധാനമന്ത്രിമാർക്കും സാധിച്ചില്ല. പക്ഷെ, സംഭാഷണങ്ങളുടെ അവസാനത്തിൽ, രണ്ടു ഭാഗക്കാരും തങ്ങളുടെ നിലപാടു് സാധൂകരിക്കുവാൻ ഹാജരാക്കിയ പ്രസക്തരേഖകളെല്ലാം പരിശോധിക്കുന്നതിനു ഉദ്യോഗസ്ഥന്മാർ വീണ്ടും സമ്മേളിക്കുമെന്നു് പ്രഖ്യാപിച്ചിരുന്നു. ആ സന്ദർഭത്തിൽ ഇതു സംബന്ധിച്ചു് ഒരു പുസ്തകം പ്രസിദ്ധീകരിച്ചതാണു്-അതു് വായിച്ചപ്പോൾ അവകാശവാദങ്ങളുടേയും എതിർവാദങ്ങളുടേയും കാട്ടിനകത്തു് അകപ്പെട്ടതാണു് പണ്ഡിററ് സുന്ദർലാലിനു തോന്നിയതു്. നെഹ്റു

തന്നെ 'സ്ഥിതിവിവരക്കേട്ട്'' എന്നാണ് ഇതിന്റെ വിശേഷിപ്പിച്ചിരുന്നതു്. (ഇന്ത്യക്കെതിരായി ചൈനയുടെ വഞ്ചന പേജ് 28 1962 നവമ്പറിൽ ഇന്ത്യാ ഗവർമ്മെണ്ട് പ്രസിദ്ധീകരിച്ചതു്.) പരസ്പര ധാരണയുടേയും സൌഹാർദ്ദത്തിന്റേയും അടിസ്ഥാനത്തിൽ പരസ്പരം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതു വഴിമാത്രമേ തർക്കം പരിഹരിക്കാൻ കഴിയുമായിരുന്നുള്ളുവെന്നാണ് പണ്ഡിററ് സുന്ദർലാലിന്റെ അഭിപ്രായം.

അദ്ദേഹം സ്വയം ഗാന്ധിയനായിരുന്നതുകൊണ്ടും ഗാന്ധിയുടെ അടുത്ത സഹപ്രവർത്തകനായിരുന്നതുകൊണ്ടും പ്രശ്നത്തിനുള്ള ഗാന്ധിയൻ രീതിയിലുള്ള പരിഹാരമെന്താണെന്നു ഞാൻ ചോദിച്ചു. ഗാന്ധിജി ജീവിച്ചിരുന്നുവെങ്കിൽ നേരത്തെ താൻ (സുന്ദർലാൽ) പറഞ്ഞ പ്രകാരം ഗാന്ധിജി പ്രവർത്തിക്കുമായിരുന്നുവെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഒരുപക്ഷെ പ്രശ്നം മുഴുവൻ പരിഹരിക്കാനായി ഗാന്ധിജി ചൈനക്ക് വിട്ടുകൊടുക്കുകപോലും ചെയ്യുമായിരുന്നു.

ഇതിനിടയിൽ ചൈന പുതിയൊരു നിർദ്ദേശം വെച്ചു. അക്സായിചിന്നിലെ 12000 ചതുരശ്ര നാഴികക്ക് പകരം ചൈന സ്വന്തം പ്രദേശത്തു നിന്നു 12000 ചതുരശ്ര നാഴിക നൽകാമെന്നതായിരുന്നു ഈ നിർദ്ദേശം. അങ്ങിനെ ഇന്ത്യക്കു മൊത്തം 50,000 ചതുരശ്ര നാഴിക സ്ഥലംതന്നെ ലഭിക്കുന്നതായിരിക്കും. ഈ നിർദ്ദേശം സുന്ദരലാൽവഴി നെഹ്റുവിനെ അറിയിച്ചു. അദ്ദേഹത്തിനു നിർദ്ദേശം ഇഷ്ടപ്പെട്ടു. ഏതുപ്രദേശത്ത് നിന്നാണ് ഇന്ത്യക്ക് ഈ ഭൂമി നൽകുകയെന്നു നെഹ്റുസുന്ദർലാലിനോട്ട് ചോദിച്ചു. ഇരുന്നാലോചിക്കാമെന്നായിരുന്നു മറുപടി. പക്ഷെ അഭ്യന്തര മന്ത്രി ജി. വി. പാന്തിന്റെ മുമ്പിൽ നെഹ്റു ഈ നിർദ്ദേശം വെച്ചപ്പോൾ അദ്ദേഹം അത് സ്വീകരിക്കാൻ കൂട്ടാക്കിയില്ല. അക്സായി ചിൻ തന്നെ കിട്ടണമെന്നു ജി. വി. പാന്ത് ശഠിച്ചു.

ആരുടെയുമല്ലാത്ത സ്ഥലമെന്നു കരുതപ്പെട്ടിരുന്ന (20,000 ചതുരശ്രനാഴിക. സ്ഥലത്തേക്കും ഇരു വിഭാഗക്കാരും കടക്കുകയില്ലെന്നാണ് നിശ്ചയിക്കപ്പെട്ടതു്) പക്ഷെ ആക്രമിച്ചു കീഴടക്കിയതെന്നു അദ്ദേഹം പറഞ്ഞ സ്ഥലത്ത് നിന്നു ചൈനയുടെ അതിർത്തി കാവൽക്കാരെ പുറത്താക്കുന്നതിനു താൻ സൈന്യത്തിനു നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു 1962 ഒക്ടോബർ 21 നു നെഹ്റു പ്രഖ്യാപിച്ചു. അന്നത്തെ രാജ്യരക്ഷാ മന്ത്രിയായിരുന്ന കൃഷ്ണമേനോൻ അവസാനയാളും അവസാന ആയുധവും അവശേഷിക്കുന്നതുവരെ ചൈനയോട് പൊരുതണമെന്നു ഒക്ടോബർ 14 –നു ആഹ്വാനവും ചെയ്തു.

കരാർ ലംഘിക്കുന്നതിനെതിരായും ആരുടേതുമല്ലാത്തതെന്നു സമ്മതിക്കപ്പെട്ട സ്ഥലത്തേക്ക് കടക്കുന്നതിനെതിരായും ചൈന മൂന്നുവട്ടം ഇന്ത്യക്ക് മുന്നറിയിപ്പ് നൽകി. പക്ഷെ ലെഫ്ടനൻറ് ജനറൽ ബി. എൻ കൌളിന്റെ കമാണ്ടിലുള്ള വളരെ സൈനീക വിഭാഗത്തെ ഇതിനുവേണ്ടി വിനിയോഗിച്ചു. അപ്പോൾ ഇരു സേനാവിഭാഗത്തെയൊക്കെ മറികടന്നു കൊണ്ട് ചൈന ''കയ്യേററം' നടത്തി. ആത്മരക്ഷക്കു വേണ്ടി തിരിച്ചടിച്ചയവസരത്തിൽ ചൈന ത്വരിതഗതിയിൽ മുന്നേറിയെന്നുവെച്ച് അവരെ കയ്യേററക്കാരെന്നു വിളിക്കാമോ?

തർക്കപ്രദേശം മുഴുവൻ കീഴടക്കുന്നുവരെ ചൈന മുന്നേറി. ചൈനയാഗ്രഹിച്ചിരുന്നുവെങ്കിൽ ആസ്സാമിലേക്കും അവർക്കു കടക്കാമായിരുന്നു. പക്ഷെ നവമ്പർ 21 നു സ്വയം മുൻകയ്യെടുത്തു കൊണ്ട് ചൈന വെടിനിർത്തൽ പ്രഖ്യാപിച്ചു. ഏകപക്ഷീയമായ പിൻമാററവും നടത്തി.

ഇന്ത്യാ ഗവർമ്മെണ്ടിന്റെ നിരന്തരമായ ചൈനാ വിരുദ്ധ കോലാഹല മുണ്ടായിട്ടും ചൈനക്കാർ ഇന്ത്യയെ ശത്രുവായി ഒരിക്കലും കണക്കാക്കിയിട്ടില്ലെന്നു പണ്ഡിററ് സുന്ദർലാൽ പറഞ്ഞു. പിടിക്കപ്പെട്ട ഭാരതീയ ജവാന്മാരോട്ട് ചൈനക്കാർ വളരെ നല്ല രീതിയിലാണ് പെരുമാറിയതു് — വിനോബഭാവെ പോലും ചൈനക്കാരെ ഇതിന്റെ പേരിൽ പ്രശംസിച്ചതാണ്.

ചരിത്ര പരമായി ഇന്ത്യക്കാരും ചൈനക്കാരും എല്ലാക്കാലത്തും സൌഹാർദ്ദത്തോടെ കഴിഞ്ഞിട്ടുള്ളവരാണ്, ഇരുകൂട്ടരുടേയും താല്പര്യങ്ങൾ തമ്മിൽ മൌലീകമായ സംഘട്ടനങ്ങളൊന്നുമില്ല. ലോകസമാധാനം സംരക്ഷിക്കാനും സാമ്രാജ്യത്വത്തെ എതിർക്കാനുമുള്ള ഭാരിച്ച ചുമതല നാം രണ്ടുപേരും വഹിക്കുന്നു. ഇന്ത്യാ ഗവർമ്മെണ്ടു ചെയ്തതൊക്കെയും, ചെയ്യുന്നതും വിദേശ ശക്തികളുടെ സമ്മർദ്ദത്തിനു കീഴ്പ്പെട്ടിട്ടാണെന്നു പണ്ഡിററ് സുന്ദർലാൽ പറഞ്ഞു.

(കടപ്പാട്—ഫ്രണ്ടിയർ

വാർഷീക പ്പതിപ്പ്)

0

നിർണ്ണയം' വാരികയുടെ വരിക്കാരാവുന്നതിനു ഏജൻസി വ്യവസ്ഥകൾക്കും എഴുതേണ്ട മേൽവിലാസം.

മാനേജർ 'നിർണ്ണയം'
കോൺവെൻറ് റോഡ്
എറണാകുളം, കൊച്ചി–11

വാർഷീക വരിസംഖ്യ 16 ക.

അർദ്ധവർഷത്തേയ്ക്കു് 8 ക.

**കാഴ്ചപ്പാടുകൾ**

# പതിനെട്ടിൽ വോട്ടുവേണം

വോട്ടവകാശത്തിനുള്ള പ്രായപരിധിയെപ്പററി വിദ്യാഭ്യാസ പ്രവർത്തകർക്കും വിദ്യാർത്ഥി നേതാക്കൾക്കും മററുമുള്ള അഭിപ്രായത്തെപ്പററി യു. എൻ. ഐ. ഈയിടെ റിപ്പോർട്ട് ചെയ്തിരുന്നു. പൊതു കാര്യങ്ങളിലും രാഷ്ട്രീയ കാര്യങ്ങളിലും പങ്കു വഹിക്കുന്നുവെന്ന ബോധം യുവാക്കളിൽ ഉണ്ടാക്കുന്നതിനു വോട്ടവകാശത്തിന്റെ പ്രായ പരിധി 21 ൽ നിന്നു 18 ആക്കി കുറക്കണമെന്നാണ് പലരും അഭിപ്രായപ്പെട്ടത്.

മുപ്പതോ നാല്പതോ വർഷം മുമ്പുണ്ടായിരുന്ന യുവാക്കളേക്കാൾ ഇന്നത്തെ പതിനെട്ടുകാർ പാകതയെത്തിയവരാണു യുവാക്കളുടെ നേതാക്കൾ അഭിപ്രായപ്പെട്ടു. ചീഫ് ഇലക്ഷൻ കമ്മീഷണർ എസ്സ്. പി. സെൻവർമ്മയുടെ അഭിപ്രായവും യു. എൻ. ഐ. ആരായുകയുണ്ടായി. യുവാക്കൾക്കിടയിലുള്ള അസ്വാസ്ഥ്യത്തിനു കുറവുണ്ടാക്കാൻ ഈ നടപടി അല്പം സഹായിച്ചേക്കാമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. രാജ്യത്തിന്റെ രാഷ്ട്രീയ ഘടനയേയും ഈ നടപടി ബാധിച്ചേക്കുമെന്നും അദ്ദേഹത്തിനു തോന്നുന്നു.

ഡൽഹി സർവ്വകലാശാലയുടെ പ്രൊ-വൈസ് ചാൻസലറായ ഡോക്ടർ സ്വരൂപ് സിങ്ങും വോട്ടവകാശത്തിനുള്ള പ്രായപരിധി 18 ആയി കുറക്കണമെന്നയഭിപ്രായക്കാരനാണ്. അതിനു അദ്ദേഹം പറയുന്ന കാരണം രാജ്യം വളരെ മോശമായിട്ടാണ് ഭരിക്കപ്പെടുന്നതെന്നും യുവാക്കൾ രാജ്യത്തെ ആധുനിക ഇന്ത്യയായി വളരുന്നതിനു സഹായിക്കണമെന്നുമാണ്. ഡൽഹിയിലെ കോൺസ്റ്റിട്യൂഷണൽ ആൻറ് പാർലിമെൻററിസ്റ്റഡീസ് ഇൻസ്റ്റിട്യൂട്ടിന്റെ പ്രൊഡയറക്ടർ ഡോക്ടർ സുഭാഷ് സി. കാശ്യപിന്റെയഭിപ്രായത്തിൽ യുവാക്കളുടെ അസ്വാസ്ഥ്യവും വോട്ടവകാശത്തിന്റെ പ്രായം കുറക്കുന്നതും തമ്മിൽ വളരെയടുത്ത ബന്ധമുണ്ട്. പൌരത്വത്തെക്കുറിച്ചും അച്ചടക്കത്തെക്കുറിച്ചും ആരോഗ്യകരമായ ഒരുധാരണ യുവാക്കളിൽ ഉണ്ടാകുന്നതിനു അവരെ രാഷ്ട്രീയ സംവിധാനത്തിൽ തുല്യ പങ്കാളികളാക്കിക്കൊണ്ട് ചുമതലകൾ ഏൽപ്പിച്ചു കൊടുക്കുന്നതാണ് ഏററവും നല്ലത് എന്നുഡോക്ടർ കാശ്യപ് കരുതുന്നു. അഖില ഭാരതീയ വിദ്യാർത്ഥി പരിഷത്തിന്റെ പ്രസിഡൻറ് പി. ബി. ആചാര്യയും വോട്ടവകാശത്തിന്റെ പ്രായപരിധി 18 ആക്കികുറയ്ക്കുന്നതിനെയനുകൂലിക്കുന്നു. യുവാക്കൾ സമൂഹത്തിന്റെ നട്ടെല്ലാണെന്നും അവർക്കു രാഷ്ട്രീയത്തിൽ സജീവ പങ്കുവഹിക്കാൻ സാധിക്കണമെന്നുമാണ് ആചാര്യരുടെ അഭിപ്രായം.

യു. എൻ. ഐ. യുടെറിപ്പോർട്ടിൽ മററു ചില വിവരങ്ങൾ കൂടി നൽകിയിട്ടുണ്ട്. ഡെൻമാർക്ക് മാത്രമാണത്രെ വോട്ടവകാശത്തിന്റെ പ്രായപരിധി 23 ആയി നിശ്ചയിച്ചിട്ടുള്ളത്. പ്രായപൂർത്തി വോട്ടവകാശം നടപ്പുള്ള രാജ്യങ്ങളിൽ വോട്ടവകാശത്തിനുള്ള പ്രായപരിധി 18 മുതൽ 23 വരെ വ്യത്യസ്ത രീതിയിലാണ്. ആസ്ട്രേലിയ, ജാപ്പാൻ, ഇറാൻ, സ്വിററ്സർലണ്ട് എന്നിവിടങ്ങളിൽ 20 വയസ്സാണ് പരിധി. അൽബേനിയ, ബൾഗേറിയ, സെൻട്രൽ ആഫ്രിക്കൻ ഫെഡറേഷൻ, സിലോൺ, ചെക്കോസ്ലാവാക്കിയ, ബ്രിട്ടൺ ഹങ്കറി, ഇസ്രായേൽ, ലാവോസ്, പോളണ്ട്, റുമേനിയ, സോമാലിയ, ഐക്യഅറബി റിപ്പബ്ലിക്ക്, സോവിയററ് യൂണിയൻ യൂഗോസ്ലാവിയ എന്നിവിടങ്ങളിൽ വോട്ടവകാശത്തിനുള്ള ഏററവും കുറഞ്ഞ പ്രായം 18 ആണ്. പടിഞ്ഞാറെ ജർമ്മനിയും അമേരിക്കൻ ഐക്യനാടുകളും വോട്ടവകാശത്തിനുള്ള പ്രായം 18 ആക്കി കുറയ്ക്കാൻ നടപടികളെടുക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. മററു രാജ്യങ്ങളിൽ ഈ പ്രായപരിധി 21 വയസ്സാണ്.

ഇന്ത്യയിൽ വോട്ടവകാശത്തിനുള്ള പ്രായ പരിധിയിൽ നിന്നു 18 ആക്കിക്കുറക്കണമെന്നയാവശ്യം വേണ്ടത്ര ശക്തിയായി ആരും ഉന്നയിച്ചില്ല. സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയാണ് ഈയാവശ്യത്തിനു മററുള്ളവരെയപേക്ഷിച്ച് പ്രാധാന്യം കല്പിക്കുന്നത്. ആഗസ്റ്റിൽ അവർ നടത്താനുദ്ദേശിച്ചിട്ടുള്ള പ്രക്ഷോഭണത്തിനു അടിസ്ഥാനമായുള്ള ആവശ്യങ്ങളിൽ ഇതും പെടുന്നു. ഭരണഘടനാ ഭേദഗതി വഴിയല്ലാതെ വോട്ടവകാശത്തിന്റെ പ്രായപരിധി കുറക്കാൻ ഇന്ത്യയിൽ നിർവ്വാഹമില്ല. ഭരണഘടനയുടെ 326—ാം ഖണ്ഡിക ലോകസഭയിലേക്കും സംസ്ഥാന നിയമസഭയിലേക്കുമുള്ള തെരഞ്ഞെടുപ്പ് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നു പ്രഖ്യാപിക്കുന്നു. നിയമാനുസൃതം നിശ്ചയിക്കുന്ന തിയതിക്ക് 21 വയസ്സിൽ കുറയാത്ത പ്രായമുള്ളയാളും ഇന്ത്യയിലെ പൌരനുമായ ഏതൊരാൾക്കും വോട്ടറായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനുള്ളയവകാശം 326—ാം ഖണ്ഡിക നൽകുന്നു-21 വയസ്സെങ്കിലുമാകാതെ വോട്ടറാകുകഇന്ത്യയിൽ സാദ്ധ്യമല്ലെന്നർത്ഥം.

ഇന്നത്തെ കണക്കനുസരിച്ച് 18നും 21നും മദ്ധ്യേപ്രായമുള്ള യുവാക്കൾ ഇന്ത്യയിൽ അഞ്ചുകോടി വരുമെന്ന് കണക്കാക്കപ്പെടുന്നു. ഇന്നത്തെ ജനാധിപത്യ ഭരണത്തിൽ അഞ്ചുകോടിയോളം വരുന്നഈ യുവാക്കൾക്കുയാതൊരുപങ്കുംലഭിക്കുന്നില്ല. ബ്രിട്ടീഷ് സമ്പ്രദായം പകർത്തിയതുകൊണ്ട് നമ്മുടെ ഭരണഘടനയിലും വോട്ടവകാശത്തിന്റെ പ്രായപരിധി 21 ആക്കിവെച്ചുവെന്നല്ലാതെ ആ നടപടിക്കു യാതൊരു നീതീകരണവുമില്ല. കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പ് മുതൽ ബ്രിട്ടണിലും 18 വയസ്സായവർക്കു വോട്ടവകാശം നൽകിയിട്ടുണ്ട്.

ഇന്ത്യയിൽ തന്നെ മററു എല്ലാരംഗത്തും പ്രായപൂർത്തിയാകുന്നതിനു 18 വയസ്സായാൽ മതി എന്നാണ് വ്യവസ്ഥ. 18 വയസ്സായാൽ മേജറായി പരിഗണിക്കപ്പെടുന്നു. കരാറുകളിൽ ഏർപ്പെടുന്നതിനും മററുമുള്ള എല്ലാപൌരവകാശങ്ങളും ലഭിക്കുന്നു. 18 വയസ്സ് കഴിഞ്ഞ യുവതിക്ക് സ്വമനസ്സാലെ ഇഷ്ടമുള്ള പുരുഷനെ വിവാഹം കഴിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. ഇന്നു ഇന്ത്യയിലെ സ്ഥിതിയനുസരിച്ച് വിവാഹം കഴിച്ചു കുഞ്ഞുണ്ടായി രണ്ട് വർഷം കഴിഞ്ഞാലും വോട്ടവകാശത്തിനു അർഹത കിട്ടുന്നില്ലെന്നാണ്. ഭാവി പൌരന്മാരെ വളർത്തിത്തുടങ്ങിയാലും ശരി സ്വന്തം പൌരത്വപ്രകാരമുള്ള വോട്ടവകാശം ലഭിക്കുകയില്ലെന്ന വിരോധാഭാസമാണ് നിയമം ഇവിടെയുണ്ടാക്കിയിട്ടുള്ളത്. പ്രായത്തോടുള്ള അതിരുകടന്ന ബഹുമാനവും 'പാകതവന്നിട്ടില്ലെന്നു' യുവാക്കൾക്കെതിരായി ഉണ്ടാകുന്ന ആരോപണവും നമ്മുടെ സമൂഹത്തിന്റെ സ്വഭാവമായിത്തീർന്നിരിക്കുകയാണ്.

യഥാർത്ഥത്തിൽ ഇന്ത്യയിലെ യുവക്കളുടെ ഊർജ്ജസ്വലതയും സാഹസികതയും കെടുത്തികളയുന്നതാണ് നമ്മുടെ സാമൂഹ്യ സംവിധാനം. കുടുംബബന്ധങ്ങളിൽ നിന്നു വിമുക്തമായ ഒരു സ്വതന്ത്ര ജീവിതം നമ്മുടെ ബഹുഭൂരിപക്ഷം യുവാക്കൾക്കും നിഷേധിക്കപ്പെട്ടിരിക്കുന്നു. മാതാപിതാക്കൾ കുട്ടിക്കാലത്ത് രക്ഷിതാക്കളും ബാക്കി ജീവിതകാലം മുഴുവൻ രക്ഷാ

ധികാരികളുമായിത്തീരുന്നു. നടന്നു പഴകിയ ചാലുകളിലൂടെത്തന്നെ നടക്കുന്നതാണ് സൽസ്വഭാവത്തിന്റെ ലക്ഷണമായി കണക്കാക്കപ്പെടുന്നത്. ഇതിന്റെ ഫലം സമൂഹമൊന്നാകെ പരിവർത്തനമില്ലാതെ യാഥാസ്ഥിതികത്വം ഭൂഷണമാക്കിക്കൊണ്ട് നടക്കുകയാണ്. ഈ യാഥാസ്ഥിതിക ചിന്തക്ക് അല്പമെങ്കിലും ഇളക്കം തട്ടിക്കുന്നതിനു ചെറുപ്പക്കാർക്കു കഴിയാവുന്നിടത്തോളം ഭരണ രംഗത്ത് പങ്കു നൽകുന്നത് സഹായിക്കാതിരിക്കയില്ല. ആ വഴിക്കുള്ള ശ്രമത്തിന്റെ ചെറിയ തുടക്കമെന്ന നിലയിൽ വോട്ടവകാശത്തിന്റെ പ്രായപരിധി 18 ആയി കുറക്കുന്നതിനു വേണ്ടി രാജ്യപുരോഗതിയിൽ തല്പരരായ എല്ലാവരും പരിശ്രമിക്കേണ്ടിയിരിക്കുന്നു.

യാഥാസ്ഥിതിക ചിന്ത അടക്കിവാഴുന്ന നമ്മുടെ രാജ്യത്ത് ഈയാവശ്യത്തിനു ശക്തിയായ എതിർപ്പുണ്ടാകുമെന്നു കരുതണം. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ രാഷ്ട്രീയം കൂടുതൽ വ്യാപകമാകാൻ ഇടയാക്കുന്നതായിരിക്കും ഈ നടപടിയെന്ന ആക്ഷേപം ഉണ്ടാകും. ബോംബെയിലെ ടാററാ സോഷ്യൽ സയൻസ് ഇൻസ്റ്റിട്യൂട്ടിന്റെ ഡയറക്ടർ എം. എസ്സ്. ഗോറെ ഈയഭിപ്രായമാണ് പറഞ്ഞതെന്ന് യു. എൻ. ഐ. യുടെ റിപ്പോർട്ടിൽ കാണുന്നുണ്ട്. എന്നാൽ കോളേജ് വിദ്യാർത്ഥികൾക്ക് രാഷ്ട്രീയമുണ്ടായാൽ രാജ്യം മുടിയും എന്ന പഴഞ്ചൻ ധാരണ ഇന്നു പരിഗണനപോലും അർഹിക്കുന്നില്ല.

ചെറുപ്പക്കാർക്കു പാകതയില്ലെന്നു ആക്ഷേപിക്കുന്നയാളുകൾ ഒരു കാര്യം എപ്പോഴും മറച്ചുവെക്കുന്നതു കാണാം. ഇന്ത്യയുടെ പഴയ പാരമ്പര്യങ്ങളെപ്പററിയും മാതാപിതാക്കന്മാരോടും ഗുരുക്കന്മാരോടും പഴയകാലത്തു് ഉണ്ടായിരുന്ന ഭയഭക്തി ബഹുമാനങ്ങളെപ്പററിയും ഇത്തരക്കാർ കൂടെക്കൂടെ പ്രസംഗിക്കും. ചെറുപ്പക്കാർ അനുസരണയോടുകൂടി വളർന്നു പഴയതിന്റെ പിന്തുടർച്ചക്കാരാവണമെന്നാണ് അവർ ആഗ്രഹിക്കുന്നതു്. അവരോട് തിരിച്ചൊരു ചോദ്യം ചോദിക്കാതെ നിർവ്വാഹമില്ല. ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നതിനു ചെറുപ്പക്കാരെ അയോഗ്യരാക്കുന്ന വ്യവസ്ഥ നിലനിർത്തണമെന്നു വാദിക്കുന്നവർ പ്രായം ചെന്നവരുടെ കാര്യത്തിൽ ഈ മാനദണ്ഡം എന്തുകൊണ്ട് സ്വീകരിക്കുന്നില്ല. 18 വയസ്സായവർക്ക് ആർക്കുംതന്നെ 81 കഴിഞ്ഞവർക്ക് വോട്ടവകാശം കൊടുക്കരുതെന്നയഭിപ്രായമില്ല. ഇന്ത്യയിൽ പ്രായം ചെന്നു ആരോഗ്യം നശിച്ച് കണ്ണു കാണാതേയും ചെവി കേൾക്കാതെയും ആയിക്കഴിഞ്ഞാലും അധികാരസ്ഥാനങ്ങളിൽ കടിച്ചുതൂങ്ങാൻ കടുത്ത വ്യഗ്രതയാണ് പൊതുവെ കാണുന്നതു്. ജവഹർലാൽ നെഹ്റുവിനു തന്നെ മരിക്കുന്നതിനു ഏതാനും മാസം മുമ്പ് മുതൽ ബുദ്ധിശരിക്കു പ്രവർത്തിക്കാതായിത്തുടങ്ങിയിരുന്നുവത്രെ. എന്നിട്ടും അദ്ദേഹം പ്രധാനമന്ത്രി സ്ഥാനത്തു് തുടരുകയാണ് ചെയ്തതു്.

യഥാർത്ഥത്തിൽ പ്രായവും കഴിവും തമ്മിൽ ബുദ്ധിശക്തിയുടെയോ പ്രതിഭയുടെയോ കാര്യത്തിൽ വലിയ ബന്ധമുള്ളതായി തെളിക്കപ്പെട്ടിട്ടില്ല. മുപ്പതു വയസ്സിനു താഴെ പ്രായമുള്ളയവസരത്തിൽ ജീവിതത്തിലെ ഏററവും വലിയ നേട്ടങ്ങളുണ്ടാക്കിയ പ്രതിഭാശാലികളായ പലരുമുണ്ട് ശാസ്ത്രജ്ഞന്മാരും തത്വചിന്തകരും കലാകാരന്മാരും സാഹിത്യകാരന്മാരും മാത്രമല്ലാ, രാഷ്ട്രീയ പ്രവർത്തകർ വരെ ഇക്കൂട്ടത്തിലുണ്ട് ഐൻസ്റ്റീൻ തന്റെ ആപേക്ഷിക സിദ്ധാന്തം അവതരിപ്പിച്ചതു് 26-ാം വയസ്സിലാണെന്നു പറയുന്നു. ഷെല്ലിയുടെ മികച്ച പല കവിതകളും 18 ാം വയസ്സിൽ എഴുതിയതാണ്. ഇന്ത്യ മുഴവൻ ചുററി സഞ്ചരിച്ച് പല പണ്ഡിതന്മാരേയും തോൽപ്പിച്ചു സർവ്വജ്ഞ പീഠം കയറിയ ശങ്കരാചാര്യർ മുപ്പത്തിരണ്ടാം വയസ്സിനു മുമ്പ് ഇതൊക്കെ സാധിച്ചുവെന്നാണ് ആർഷ ഭാരതത്തിൽ അഭിമാനം കൊള്ളുന്നവർ തന്നെ പറയുന്നതു്. രാഷ്ട്രീയരംഗത്താണെങ്കിൽ ലോകശ്രദ്ധയാകർഷിക്കത്തക്ക 'വിപ്ലവത്തിലെ വിപ്ലവം' പോലുള്ള ഗ്രന്ഥങ്ങൾ രചിച്ച റെജിസ് ഡിബ്രെയെപ്പോലുള്ള യുവാക്കൾ ഇപ്പോഴുമുണ്ട്.

മറിച്ച് പ്രായം ചെന്നിട്ടും ജീവിതത്തിലെ ഏററവും വമ്പിച്ച നേട്ടങ്ങളുണ്ടാക്കിയവരേയും ചരിത്രത്തിൽ കാണാം. ടോൾസ്റ്റോയ് തന്റെ 'യുദ്ധവും സമാധാനവും' എഴുതിയവസാനിപ്പിച്ചതു് എഴുപതുവയസ്സ് കഴിഞ്ഞശേഷമാണ്. ഗാന്ധിജി മരണം വരെ കർമ്മനിരതനായിരുന്നു. ബർട്രണ്ട് റസ്സലിന്റേയും ബർണാഡ്ഷായുടേയും ബുദ്ധിക്കൂർമ്മതക്ക് തൊണ്ണൂറ് കഴിഞ്ഞിട്ടും തകരാറൊന്നും സംഭവിച്ചിരുന്നില്ല മാവോസേതുങ്ങിനേപ്പോലുള്ള രാഷ്ട്രതന്ത്രജ്ഞന്മാർക്കും പ്രായക്കൂടുതൽകൊണ്ട് കോട്ടമൊന്നുമുള്ളതായി അറിവില്ല. അപ്പോൾ പ്രായവും പ്രവർത്തനശേഷിയും തമ്മിലോ വയസ്സും പ്രതിഭയും തമ്മിലോ ബന്ധപ്പെട്ടതാവുന്ന നിയതമായ ഒരു സംഗതിയും ഇല്ലെന്നാണ്. ശാരീരികമായി പ്രത്യുല്പാദനശേഷിയുണ്ടായിക്കഴിഞ്ഞാൽ പ്രായപൂർത്തിയെത്തിയെന്നു തന്നെ കരുതുന്നതിൽ തെററുണ്ടാകയില്ല.

മറിച്ച് പൊതുമനുഷ്യരുടെ പെരുമാററ രീതികളെക്കുറിച്ച് പഠിച്ചിട്ടുള്ള സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ നിഗമന പ്രകാരം പ്രായം ചെന്നവരെയാണ് പരിവർത്തനമാഗ്രഹിക്കുന്നവർ സൂക്ഷിക്കേണ്ടതു്. നാല്പതു വയസ്സു കഴിഞ്ഞാൽ പൊതുവെ മനുഷ്യർ പുതിയ ആശയങ്ങളും ചിന്താഗതികളും ഉൾക്കൊള്ളാൻ വിമുഖത കാണിക്കുന്നുവെന്നാണ് പെരുമാററ ശാസ്ത്രം എത്തിച്ചേരുന്ന നിഗമനം. ഇതിലും അപവാദങ്ങൾ ഉണ്ടാകുകയില്ലെന്നല്ല. ഏതായാലും ശരി ആശയങ്ങൾക്കു വേണ്ടി നിലകൊള്ളുന്നതിനും ജീവിത വിഷമങ്ങളെ നേരിടുന്നതിനും സാഹസികത കാണിക്കുന്ന യുവാക്കൾക്കു ഏതു രംഗത്തും കൂടുതൽ പങ്കു നൽകുന്നതിനുവേണ്ടി പരിവർത്തന വാദികൾ പരിശ്രമിച്ചേ മതിയാകൂ.

വോട്ടവകാശത്തിന്റെ പ്രായപരിധി 21 ൽ നിന്നു പതിനെട്ടായി കുറക്കണമെന്നു പറയുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും 18 വയസ്സായവർ അർഹരായിരിക്കണം എന്നും വിസ്മരിക്കരുത്. ഇന്നു നമ്മുടെ ഭരണഘടനയിൽ 21 വയസ്സായവർക്ക് വോട്ടവകാശമുണ്ടെങ്കിൽ തന്നെ തെരഞ്ഞെടുപ്പിനു നിൽക്കുന്ന സ്ഥാനാർത്ഥികൾക്ക് ചുരുങ്ങിയതു 25 വയസ്സെങ്കിലും ആയിരിക്കണമെന്നാണ് വ്യവസ്ഥ. നഗരസഭയിലേക്കും പഞ്ചായത്തിലേക്കും തെരഞ്ഞെടുക്കപ്പെടുന്നതിനും പ്രായപരാധി 25 ആണ്. പാർലിമെന്റിലേക്ക് മത്സരിക്കണമെങ്കിൽ സ്ഥാനാർത്ഥിക്ക് 30 വയസ്സെങ്കിലും ആയിരിക്കണം. മുപ്പത്തിയഞ്ചുവയസ്സാകാത്തയാർക്കും തന്നെ ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനത്തിനു മത്സരിക്കാവുന്നതല്ല. ഇതാണ് വ്യവസ്ഥയെങ്കിലും ഇന്ത്യയിലെ ഏതൊരു പൌരനും ഈ റിപ്പബ്ലിക്കിന്റെ ഏററവും ഉയർന്ന സ്ഥാനത്തെത്താനുള്ളയവസരമുണ്ടെന്നു പ്രസംഗിക്കുന്നവർ ധാരാളമാണ്. പ്രായത്തിന്റെ കാര്യം ഇക്കൂട്ടർ പരിഗണിക്കാറില്ലെന്നാണ് ഇതിന്റെയർത്ഥം.

ശേഷം 12-ാംപേജിൽ

എന്തുചെയ്യേണ്ടുവെന്നറിയാതെ കൊച്ചിക്കും തിരുവനന്തപുരത്തിനും ഡൽഹിക്കും ഇടയിൽ പരക്കം പാഞ്ഞുകൊണ്ടിരിക്കുകയാണ് കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾ. ഇന്ദിരയെ കാണാൻ കെ. പി. സി. സി. പ്രസിഡണ്ട് കെ. കെ. വിശ്വനാഥനും കെ. കരുണാകരനും ഡൽഹിലേക്കു പറന്നിരിക്കുന്നു. ഇന്ദിര കേരളത്തിലെ കോൺഗ്രസ്സുകാരെ കണക്കാക്കാതെ വലതുകമ്യൂണിസ്റ്റുകാർ പറയുംപടി നടന്നുതുടങ്ങിയോ എന്നു ഇപ്പോൾ കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾക്കു സംശയമുണ്ടായിത്തുടങ്ങിയിട്ടുണ്ട്. അച്ചുതമേനോനോട് അവരുടെ നിലപാട് 'കയ്ച്ചിട്ടിറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ, എന്ന സ്ഥിതിയിലാണ് കോൺഗ്രസ്സ് നേതാക്കൾ ചെയ്യുന്ന പത്രപ്രസ്താവനകളിൽ നിന്ന് ഇതു് വ്യക്തമാകും.

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിക്കാർ കോൺഗ്രസ്സിനെ ആക്ഷേപിക്കുന്നതിനെതിരായിഎന്തെങ്കിലുംപറയാൻ കെ. പി. സി. സി. നേതാക്കൾ തയാറായിട്ടില്ല. കെ. പി. സി. സി. പ്രസിഡൻറ് കെ. കെ. വിശ്വനാഥൻ പത്രസമ്മേളനത്തിൽ പ്രസ്താവിച്ചതിൻെറ റിപ്പോർട്ട് ഇങ്ങനെയാണ്. 'കമ്യൂണിസ്റ്റ് പാർട്ടികളെ സംബന്ധിച്ചാണെങ്കിൽ അവ തമ്മിൽ പല കാര്യങ്ങളിലും വ്യത്യാസമുണ്ടെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. എല്ലാ കമ്യൂണിസ്റ്റ് പാർട്ടികളും രാജ്യത്തിനു ഭീഷണിയാണെന്നു അദ്ദേഹം കരുതുന്നില്ല. ഉദാഹരണത്തിനു പല കാര്യങ്ങളിലും മാർക്സിസ്റ്റ് പാർട്ടിയെക്കാൾ ഭേദമാണ് സി. പി. ഐ.........കമ്യൂണിസ്റ്റ് പാർട്ടിയുമായി അടുക്കുന്നത് പാപമാണെന്ന ധാരണ ഇന്നില്ല'' (മാതൃഭൂമി–ജൂലായ് 5)

എന്തെല്ലാം കാര്യത്തിലാണ് സി. പി. ഐ. മാർക്സിസ്റ്റ് പാർട്ടിയെക്കാൾ ഭേദമെന്നു വിശ്വനാഥൻ വ്യക്തമാക്കിയിട്ടില്ല. രാഷ്ട്രീയ വിദ്യാർത്ഥികൾക്കു വാസ്തവത്തിൽ മനസ്സിലാകാത്തത് രണ്ടും പാർട്ടിയും തമ്മിലുള്ള വ്യത്യാസമാണ്. തെരഞ്ഞെടുപ്പുകളിലും പാർലിമെൻറിലും രണ്ടു പാർട്ടിയും വിശ്വസിക്കുന്നു. ഭൂമി പിടിച്ചെടുക്കൽ തുടങ്ങിയ പരിപാടികൾരണ്ടുപാർട്ടിയും സ്വീകരിച്ചിട്ടുണ്ട്. ഏതു കക്ഷിയുമായി ഐക്യമുന്നണിയുണ്ടാക്കാൻ രണ്ടു പാർട്ടിക്കാരും തയാറാണ്. മാർക്സിസ്റ്റ് കമ്യൂണിസ്റ്റുകാർ സിൻഡിക്കേററിനേയും കോൺഗ്രസ്സിനേയും ഒരേപോലെ ശത്രുക്കളായികരുതുന്നുണ്ടെന്നു പറയുന്നുണ്ട്. പക്ഷെ പ്രവർത്തനത്തിൽ രണ്ട്, കോൺഗ്രസിനോടും അവർക്ക് വലിയ ശത്രുതയില്ലെന്നാണ് കാണുന്നത്. രണ്ട് കമ്യൂണിസ്റ്റ് പാർട്ടികൾ തമ്മിൽ എന്തെങ്കിലും വ്യത്യാസം പ്രകടമായിക്കാണുന്നുണ്ടെങ്കിൽ ഇതു മാത്രമാണ്. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി തികച്ചും വിദേശാടിമത്വമുള്ള ഒരു പാർട്ടിയാണ്. റഷ്യൻകമ്യൂണിസ്റ്റ് പാർട്ടിയുടെ നയത്തിനും ആജ്ഞയും അനുസരിച്ചു മാത്രമാണ് അവർ പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ താരതമ്യേന ഭേദമാണ് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി. അടുത്തകാലത്തായി അവർ കൂടുതൽ സ്വതന്ത്രമായ നയ പരിപാടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. പക്ഷെ കെ. കെ. വിശ്വനാഥനും എ. കെ. ആൻറണിയും വിദേശ കൂറുപുലർത്തുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയാണ് കൂടുതൽ സ്വീകാര്യമായിത്തോന്നുന്നത് വിചിത്രമായിരിക്കുന്നു.

'വലത് കമ്യൂണിസ്റ്റ്പാർട്ടിയുൾപ്പെടെ എല്ലാ പാർട്ടികളിലും മാററങ്ങൾ വന്നിട്ടുണ്ടെന്നു വിശ്വനാഥൻ പറഞ്ഞു....കമ്യൂണിസ്റ്റ് പാർട്ടി ജനാധിപത്യത്തിനു ഒരു ഭീഷണിയാണെന്നു വിശ്വസിക്കുന്നുണ്ടോയെന്നു ചോദിച്ചപ്പോൾ ഭീഷണിയാണെന്നു അദ്ദേഹം പറഞ്ഞു.'(മാതൃഭൂമി-ജൂലായ് 5) കമ്യൂണിസ്റ്റ് പാരട്ടി ജനാധിപത്യത്തിനു ഭീഷണിയാണെന്നു പറയുന്ന കെ. കെ. വിശ്വനാഥനു എങ്ങിനെയാണ് സി. പി. ഐ. യുമായി സഹകരിക്കാൻ കഴിയുകയെന്നു വ്യക്തമാകുന്നില്ല. 'സോഷ്യലിസ്ററ് പാർട്ടിയിലും ജനാധിപത്യക്രമത്തിലും വിശ്വസിക്കുന്ന' പാർട്ടികളുമായി കൂട്ടുകെട്ടുണ്ടാക്കണമെന്നാണ് കെ. പി. സി. സി. തീരുമാനിച്ചിരിക്കുന്നത്. ജനാധിപത്യത്തിനു ഭീഷണിയുണ്ടെന്നു സി. പി. ഐ. യെപ്പററി വിശ്വനാഥനു അഭിപ്രായമുണ്ട്. അപ്പോൾ സി. പി. ഐ. യുമായി കൂട്ടുകൂടാൻ കെ. പി. സി. സി. തയാറല്ലെന്നു വിശ്വനാഥൻ പ്രഖ്യാപിക്കുകയാണ് വേണ്ടിയിരുന്നത്.

വിശ്വനാഥൻ അങ്ങിനെ ചെയ്യാതിരുന്നതിനു കാരണമുണ്ട്. സി. പി. ഐ. യുമായി കൂട്ടുകൂടാതെ നിൽക്കുന്നതിനെപ്പററി ചിന്തിക്കാൻ പോലും കെ, പി. സി. സി. യിലെ വിശ്വനാഥനും എ. കെ. ആൻറണിക്കും ഭയമാണ്. അതുകൊണ്ടാണ് സി. പി. ഐ. ക്കാർ പ്രചരിപ്പിക്കുന്നതിൻെറ ചുവടൊപ്പിച്ചുകൊണ്ടുള്ള പ്രചരണംമാത്രം ഇവരും നടത്തിക്കൊണ്ടിരിക്കുന്നത്. സിൻഡിക്കേററുകാരും മാർക്സിസ്റ്റുകാരും തമ്മിൽ കൂട്ടുകൂടിക്കൊണ്ടിരിക്കുന്നുവെന്നാണ് ഈപ്രചാരണം. മാർക്സിസ്റ്റുക്കാർക്കെതിരായി ഉദ്ദേശിച്ചാണ് സി. പി. ഐ. ഈപ്രചരണംനടത്തുന്നത്. സിൻഡിക്കേററിനെതിരായി കെ. പി. സി. സി. യും ഇതേ പ്രചരണം നടത്തുന്നു. ഇതുകൊണ്ട് സി. പി. ഐ. ക്കാർ ഉദ്ദേശിച്ചിട്ടുള്ളത് കോൺഗ്രസ്സുകാരും ഐക്യമുന്നണിയിലെ മററു കൂട്ടുകാരും തങ്ങളെ വിട്ട് മാർക്സിസ്ററ് കാരുടെ കൂടെ പോകരുതെന്നു മാത്രമാണ്. കോൺഗ്രസ്സ് നേതാക്കൾക്കു ഇത് മനസ്സിലാകുന്നില്ല. കോൺഗ്രസ്സിനെ സ്വാധീനിക്കുന്ന വൻകിട പത്രങ്ങൾ ജനാധിപത്യ മുന്നണിക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്നതിനെ തടയാനാണ് സി. പി. ഐ. ഇങ്ങിനെ പ്രചരിപ്പിക്കുന്നത്. പക്ഷെ ഈ പ്രചരണത്തിനു തിരിച്ചടിയുണ്ടായിക്കൂടെന്നില്ല.

സിൻഡിക്കേററുകാർക്കുകൂടി മാർക്സിസ്ററ്കാർ ജനാധിപത്യത്തിനു ഭീഷണിയായി, രാജ്യത്തിനു അപകടകാരികളായോ തോന്നുന്നില്ലെങ്കിൽ, പിന്നെസോഷ്യലിസം പറഞ്ഞു നടക്കുന്ന വിശ്വനാഥൻ ആൻറണികൂട്ടർക്കു് അവര അപകടകാരികളായിത്തോന്നേണ്ടയൊരു കാര്യവുമില്ലെന്നു കോൺഗ്രസ്സ് അണികൾ അഭിപ്രായപ്പെട്ടുവെന്നുവരാം.

വിശ്വനാഥൻ ഇന്ത്യൻ കമ്യൂണിസ്ററു പാർട്ടിയുടെ മുമ്പിൽ വായപൊത്തി നിൽക്കുമ്പോൾ സി. എം. സ്ററീഫൻ കുറെകൂടി സ്വതന്ത്രവും ധീരവുമായ നിലപാടാണെടുത്തിട്ടുള്ളതു്. അച്ചുതമേനോൻ മന്ത്രിസഭ അധികാരത്തിൽ തുടരാൻ ശ്രമിക്കരുതെന്നു കെ. പി. സി. സി. പാസാക്കിയ പ്രമേയം ഒരു അഭിപ്രായം മാത്രമാണെന്നു് വിശ്വനാഥൻ പറയുന്നു. അതായതു് അച്ചുതമേനോനു് കെ. പി. സി. സി. യുടെ അഭിപ്രായം സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാവുന്നതാണ്. വിശ്വനാഥനു വിരോധമില്ല എന്നാൽ സ്ററീഫൻ പറയുന്നതു് കെ. പി. സി. സി. യുടെ പ്രമേയം ഒരാവശ്യം തന്നെയാണെന്നും അച്ചുതമേനോൻ അത

നസരിച്ച് രാജിവെക്കണമെന്നും തന്നെയാണ് സി. എം. സ്ററീഫൻെറ അഭിപ്രായം. അച്ചുതമേനോൻ മന്ത്രിസഭക്ക് അധികാരത്തിൽ തുടരാൻ അവകാശമില്ലെന്നു ഭരണകോൺഗ്രസ് നേതാവ് സി. എം. സ്ററീഫൻ ഇന്നിവിടെ പ്രസ്താവിച്ചിരിക്കുന്നു. (മാതൃഭൂമി ജൂലായ് 5) 'മന്ത്രിസഭ അധികാരത്തിൽ തുടരരുതെന്നു കെ. പി. സി. സി. പ്രമേയം പാസ്സാക്കിയതോടെ കോൺഗ്രസിൻെറ പിന്തുണ മന്ത്രിസഭക്ക് ഇല്ലാതായി.' എന്നാണ് സ്റ്റീഫൻ പറയുന്നതു്. കോൺഗ്രസ്സിൻെറ പിന്തുണയാണ് അച്ചുതമേനോൻ മന്ത്രിസഭയെ താങ്ങിനിറുത്തിയിരുന്നതെന്ന സത്യം സ്റ്റീഫൻ അംഗീകരിക്കുന്നുണ്ട്. അതുകൊണ്ടാണ് കോൺഗ്രസ്സ് അഭിപ്രായം പറഞ്ഞതോടെ അച്ചുതമേനോൻ മന്ത്രിസഭക്ക് ന്യൂനപക്ഷത്തിൻെറ പിന്തുണയുണ്ടായുള്ളുവെന്ന നിലവന്നിരിക്കുന്നുവെന്നു സ്റ്റീഫൻ വ്യക്തമാക്കിയതു്.

സ്ററീഫൻ കോൺഗ്രസ്സിനോട്ട് കുറെ കൂടി ആത്മാർത്ഥത കാണിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. അച്ചുതമേനോൻ മന്ത്രിസഭയുടെ നേട്ടങ്ങളുടേയും കൂടുതൽ ശക്തമായി നയങ്ങൾ നടപ്പാക്കാനുള്ള മാൻഡേററിൻേറയും അടിസ്ഥാനത്തിലാണ് ഭരണമുന്നണി ഇടക്കാലതെരഞ്ഞെടുപ്പിനെ നേരിടുന്നതെങ്കിൽ അതിനു കോൺഗ്രസിനെ കിട്ടില്ലാ എന്നു സ്ററീഫൻ വ്യക്തമാക്കി. (മാതൃഭൂമി ജൂലായ് 5) മററുള്ളവർ വ്യക്തമാക്കാത്ത കാര്യം വ്യക്തമാക്കിയതിൽ കോൺഗ്രസ്സുകാർ സ്റ്റീഫനെ അഭിനന്ദിക്കുന്നുണ്ടായിരിക്കണം. കോൺഗ്രസിനെ ശകാരിക്കുകയും, കോൺഗ്രസിതരമന്ത്രിസഭയുണ്ടാക്കുമെന്നും നിയമസഭയിൽ കോൺഗ്രസിൻെറ പ്രാതിനിധ്യം കഴിയാവുന്നത്ര കുറക്കുമെന്നും പ്രഖ്യാപിക്കുകയും ചെയ്യുന്ന മിനിമം പരിപാടി നടപ്പാക്കാൻ വേണ്ടി ഇടക്കാല തെരഞ്ഞെടുപ്പ് നടത്തി ജനങ്ങളോട്ട് വോട്ടു ചോദിക്കുന്നുവെന്നായിരുന്നു അച്ചുതമേനോൻെറ പ്രഖ്യാപനം. അച്ചുതമേനോനെ ഭയന്നു് ആ പ്രഖ്യാപനത്തിനു നേരെ കണ്ണടച്ചിരിക്കുകയാണ് കെ. പി. സി. സി. പ്രസിഡൻറ് വിശ്വനാഥനും മററും ചെയ്തതു്. സ്ററീഫൻ അതു നടപ്പില്ലെന്നു തന്നെ അച്ചുതമേനോനോടു പറഞ്ഞിട്ടുണ്ട്.

കോൺഗ്രസ് ഏതെങ്കിലും മുന്നണിയുമായി സഖ്യമുണ്ടാക്കുന്നതു് അതിനു നിർണ്ണായകമായ പങ്കുവേണമെന്ന അടിസ്ഥാനത്തിലായിരിക്കുമെന്നു സ്ററീഫൻ വ്യക്തമാക്കിയെന്നും റിപ്പോർട്ടുണ്ട്. മുന്നണിയിൽ ചേരുന്നതിനെപ്പററിയല്ലാ മുന്നണിയുമായി സഖ്യമുണ്ടാക്കുന്നതിനെപ്പററിയാണ് സ്ററീഫൻ പറഞ്ഞിരിക്കുന്നതു്. ഇന്ന മുന്നണിയുമായി സഖ്യമുണ്ടാക്കുമെന്നു പറഞ്ഞിട്ടില്ല. കോൺഗ്രസിനു നിർണ്ണായകമായ പങ്ക് വേണമെന്ന കാര്യത്തിൽ സി. എം. സ്ററീഫന് നിർബന്ധമുണ്ട്. അക്കാര്യത്തിൽ കെ. കെ. വിശ്വനാഥനെപ്പോലെ ദുർബ്ബലനല്ലാ അദ്ദേഹം. പക്ഷെ എങ്ങിനെ ഈ നിർണ്ണായകമായ പങ്ക് ലഭിക്കുമെന്നു സ്ററീഫനു വ്യക്തമായ രൂപം കിട്ടിയിട്ടില്ലെന്നും പ്രസ്താവനയിൽ നിന്നു തെളിയുന്നു. ഒററക്കു മൽസരിക്കുകയും ഏററവും കൂടുതൽ സ്ഥാനം കിട്ടാൻവേണ്ടി പത്തുമുപ്പതു മണ്ഡലങ്ങളിൽ പ്രാദേശികാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് ധാരണയും ഉണ്ടാക്കുകയും ചെയ്യണമെന്നു ചില കോൺഗ്രസ്സുകാർ നിർദ്ദേശിച്ചതു് നിർണ്ണായകമായ പങ്കു കിട്ടാൻ കോൺഗ്രസ്സിനെ സഹായിക്കുമായിരിക്കും. കോൺഗ്രസ്സിൻെറ ശക്തി നിയമസഭയിൽ കഴിയാവുന്നത്ര കുറയുന്നതിനുവേണ്ടിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എതിരാളികൾ ഐക്യമുന്നണിയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ചതു്. അവര തെരഞ്ഞെടുപ്പിൽ വിജയിച്ചെങ്കിലും ഐക്യമുന്നണി തകർന്നു. ജനങ്ങൾ വഞ്ചിതരായി. ഇതു് ചൂണ്ടിക്കാണിച്ചുകൊണ്ടു് ഇത്തവണ കോൺഗ്രസ്സ് മത്സരിക്കുന്നതു് കഴിയാവുന്നത്ര നിയമസഭാസ്ഥാനം നേടിയെടുത്തു് ഭരണമുണ്ടാക്കുന്നതിനാണെന്നും അതിനുവേണ്ടി മാർക്സിസ്ററുകാരും കേരളാകോൺഗ്രസ്സുകാരും മുസ്ലീംലീഗുകാരും ഉൾപ്പെടെ ഏതുകക്ഷിയുമായി നീക്കുപോക്കുകൾ ഉണ്ടാക്കുമെന്നും എന്നാൽ ആരുമായും ഐക്യമുന്നണിയുണ്ടാക്കുകയില്ലെന്നും കോൺഗ്രസ് പ്രഖ്യാപിക്കണമെന്നു് ചില കോൺഗ്രസ്സ് പ്രവർത്തകർ നിർദ്ദേശിച്ചിട്ടുണ്ട്. സി. എം. സ്ററീഫനും മററും ഈ നിർദ്ദേശം സ്വീകരിക്കണമെന്നു അവസാനം വാദിച്ചുകൂടായ്കയില്ല. അടുത്ത കെ. പി. സി. സി. യോഗത്തിൽ ഇതു സംബന്ധിച്ച് ചർച്ചയുണ്ടായേക്കാം.

സി. എം. സ്റ്റീഫൻെറ പ്രസ്താവവയിൽ കോൺഗ്രസിനു നിർണ്ണായകമായ പങ്കു വേണമെന്ന കാര്യത്തിൽ മാത്രമേ വ്യക്തതയുള്ളുവെങ്കിലും കോൺഗ്രസ്സുകാരിൽ അത് സ്വാധീനമുണ്ടാക്കിയിട്ടുണ്ടെന്നതിനു സൂചന ലഭിക്കുന്നുണ്ട്. 'മുന്നണിയിൽ കേരളത്തിലെ ഏററവും വലിയ രാഷ്ട്രീയ കക്ഷിയെന്ന നിലയിൽ കോൺഗ്രസിനു സ്വാഭാവികമായി ഉണ്ടായിരിക്കേണ്ടുന്ന സ്ഥാനത്തെക്കുറിച്ചു ആരും തർക്കിക്കുമെന്നു' കെ. പി. സി. സി. സെക്രട്ടറി എ. കെ. ആൻറണി കരുതുന്നില്ല. (മാതൃഭൂമി ജൂലായ് 7) ഇവിടെയും ആൻറണിയുടെ പ്രസ്താവനയിൽ അപേക്ഷാസ്വരമാണുള്ളതു്. മററാരും തർക്കിക്കില്ലെന്ന പ്രതീക്ഷയേ ആൻറണിക്കുള്ളു. തർക്കിച്ചാൽ ആൻറണി വഴങ്ങിക്കൊടുക്കണമെന്നാണോ? എങ്കിലും മന്ത്രിസഭയുടെ രാജിസംബന്ധിച്ച് സി. എം. സ്ററീഫനും കെ. കെ. വിശ്വനാഥനും നടത്തിയ അഭിപ്രായ പ്രകടനങ്ങളിൽ വ്യത്യാസമൊന്നുമില്ലെന്നും അത് രണ്ടും ശരിയാണെന്നും ആൻറണി പറഞ്ഞിട്ടുണ്ട്. കോൺഗ്രസിൻെറ പ്രമുഖസ്ഥാനത്തിനു കോട്ടം സംഭവിക്കുന്ന ഒരേർപ്പാടിലും കോൺഗ്രസ് പങ്കാളിയാവുകയില്ലെന്നും കെ. പി. സി. സി. സെക്രട്ടറി മററൊരിടത്തു പറഞ്ഞു കാണുന്നു. സി. എം. സ്ററീഫൻ തിരുവനന്തപുരത്തു ചെയ്ത പ്രസ്താവനക്ക് കുറെ ഫലമുണ്ടായിട്ടുണ്ടെന്നാണ് ആൻറണിയുടെ ഈയഭിപ്രായത്തിൽ നിന്നു മനസ്സിലാക്കേണ്ടതു്.

പക്ഷെ, ആൻറണി മൂന്നാം മുന്നണിയുണ്ടാക്കുന്നുവെന്നു് സിൻഡിക്കേററുകാരെ ആക്ഷേപിച്ചിരിക്കുന്നു. 'മൂന്നാം മുന്നണി രൂപീകരിക്കാൻ സിൻഡിക്കേററു കോൺഗ്രസ് ശ്രമിക്കുന്നതു് തന്നെ മാർക്സിസ്ററുകാരെ സഹായിക്കാനാണ്. ഇവിടെ നടന്ന മൂന്നു ഉപതെരഞ്ഞെടുപ്പുകളിലും ഇപ്പോൾ നടക്കുന്ന സഹകരണസംഘം ഭാരവാഹികളുടെ തെരഞ്ഞെടുപ്പിലും മാർക്സിസ്ററുകാരെ സഹായിക്കുന്ന നിലപാടാണ് സിൻഡിക്കേററു കോൺഗ്രസ് കൈക്കൊണ്ടതു്' (മാതൃഭൂമി ജൂലായ് 7) സി. പി. ഐയുടെ കൂടെച്ചേർന്നു, മിക്കവാറും സി. പി. ഐയുടെ നേതൃത്വത്തിൽ വിശ്വനാഥനും ആൻറണിയും ചേർന്നു മുന്നണിയുണ്ടാക്കാൻ തന്നെ നിശ്ചയിച്ചുകഴിഞ്ഞുവോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം രണ്ടു മുന്നണിയെയാണ് ആൻറണി ഭാവനയിൽ കാണുന്നതു്. മാർക്സിസ്ററുകാരുടെ നേതൃത്വത്തിലുള്ള ഒരു മുന്നണി, സി. പി. ഐയുടെ നേതൃത്വത്തിൽ കോൺഗ്രസ് ചേർന്നുള്ള മുന്നണി എന്നിവ മാത്രം വ

ണമെന്നാണ് കെ. പി. സി. സി. നേതാക്കളുടെ ആഗ്രഹം. സിൻഡിക്കേററുകാർ തെരഞ്ഞെടുപ്പിനു തന്നെ മത്സരിക്കുന്നത് തെററാണെന്നാണ് ചുരുക്കത്തിൽ ആൻറണി പറയുന്നത്. പക്ഷെ അവർ കെ. പി. സി. സി. നേതാക്കൾക്ക വഴങ്ങിത്തരുമെന്നു കരുതാവുന്നതല്ലല്ലോ.

അതിലേറെ വിചിത്രമാണ് മൂന്നാംമുന്നണിയുണ്ടാക്കാൻ സിൻഡിക്കേററ്കാർ ശ്രമിക്കുന്നുവെന്നു പറഞ്ഞു തന്നെയടുത്തവാചകത്തിൽ, ഉപതെരഞ്ഞെടുപ്പുകളിലും സഹകരണസംഘം തെരഞ്ഞെടുപ്പുകളിലും സിൻഡിക്കേററുകാർ മാർക്സിസ്ററുകാരെ സഹായിക്കുന്ന നിലപാടെടുത്തുവെന്നു ആക്ഷേപിച്ചിരിക്കുന്നത്. ഉപതെരഞ്ഞെടുപ്പുകളിൽ സിൻഡിക്കേററുകാർ മത്സരിച്ചത് തെററായിപോയിയെന്നാണോ ആൻറണി കരുതുന്നത്? തങ്ങൾ മത്സരിച്ചാൽ അച്ചുതമേനോൻെറ കക്ഷിക്ക കോട്ടം തട്ടുമോയെന്നു കരുതി കോൺഗ്രസ്സുകാർ ഉപതെരഞ്ഞെടുപ്പിൽ സ്വീകരിച്ചനയം പോലെ, സിൻഡിക്കേററുകാരും ദാസ്യവൃത്തി ചെയ്യില്ലെന്നാണ് ആൻറണിക്ക് ആക്ഷേപം. മാർക്സിസ്ററുകാർ ജയിച്ചാലോയെന്നു കരുതിസിൻഡിക്കേററുകാർ തെരഞ്ഞെടുപ്പിൽ മത്സരിക്കാനേ പാടില്ലായിരുന്നുവെന്ന്. സിൻഡിക്കേററുകാരെ മുന്നണിയിൽ ച്ചേർക്കുകയില്ലെന്നു കെ. പി. സി. സി. നേതാക്കൾ പ്രഖ്യാപിക്കുന്നു—അതേസമയം തന്നെ സിൻഡിക്കേററുകാരും മാർക്സിസ്ററുകാരും കൂട്ടുകൂടുന്നുവെന്നു ആക്ഷേപിക്കുന്നു. അതോടൊപ്പം സിൻഡിക്കേററുകാർ മൂന്നാംമുന്നണിയുണ്ടാക്കുന്നുവെന്നും വിലപിക്കുന്നു. എന്തുചെയ്യാം? കെ. പി. സി. സി. നേതാക്കളുടെ വിലാപം കേട്ട് സിൻഡിക്കേററുകാർ അവരുടെ പാർട്ടി പിരിച്ചു വിടുകയില്ലല്ലോ?

ഉപതെരഞ്ഞെടുപ്പുകളിലെ നയംതന്നെ സിൻഡിക്കേററുകാർതുടരുമെന്നആൻറണി സംശയിക്കുന്നുണ്ട്. അതേപോലെതന്നെ ഉപതെരഞ്ഞെടുപ്പുകളിലെ നയം കോൺഗ്രസ്സുകാരും തുടരുമെന്നാണ് പലരും ഊഹിക്കുന്നത്. ഉപതെരഞ്ഞെടുപ്പുകളിൽ അച്ചുതമേനോൻെറ പാർട്ടി കണ്ണടച്ചു പിന്തുണ നൽകുകയാണല്ലോ കെ. പി. സി. സി. നേതാക്കൾ ചെയ്തത്. നിലമ്പൂരിൽ കോൺഗ്രസ്സുകാരനെ സ്വതന്ത്രനാക്കി മാററുകയുംചെയ്തു. ഉപതെരഞ്ഞെടുപ്പിലെ നയം ഇടക്കാലതെരഞ്ഞെടുപ്പിലെ നയത്തിൻെറ മുന്നോടിയാണെന്നു ഇപ്പോൾ കെ. പി. സി. സി. നേതാക്കൾക്ക തോന്നുന്നുണ്ടോ? അങ്ങിനെയാണെങ്കിൽ ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അനുവർത്തിച്ചനയം അബദ്ധമായിപ്പോയിയെന്നു അവർ സമ്മതിക്കുന്നതാണ്

'പുതിയ മുന്നണിയാണ് കോൺഗ്രസ്സ് വിഭാവനം ചെയ്യുന്നതെന്നു' ആൻറണി വ്യക്തമാക്കി എന്നാണ് റിപ്പോർട്ട്. പുതിയ പരിപാടിയുടെ അടിസ്ഥാനത്തിലുള്ള പുതിയ മുന്നണിയെപ്പററി ആൻറണി പറയുന്നു. പക്ഷെ ഇതേവരെ തങ്ങളുടെ പുറകെ വാലാട്ടി നടന്ന ആൻറണി വിശ്വനാഥന്മാർക്ക കുറുമുന്നണിനേതാക്കൾ ഒരു വിലയും കൽപിക്കുന്നില്ല. 'കേരളത്തിലെ ഭരണകക്ഷികളുടെ ഐക്യമുന്നണി ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ കുറെക്കൂടി വിശാലമാക്കുന്ന' തിനെപ്പററിയാണ് മുസ്ലീംലീഗ് സ്റേററ് കൌൺസിൽ സംസാരിക്കുന്നത്. (മാതൃഭൂമി ജൂലായ് 6) 'മുന്നണിയിൽ സഖ്യം ചേരുന്ന കക്ഷികളിൽ എന്നതിൽ മാർക്സിസ്ററ് പാർട്ടിയടക്കം മററു കക്ഷികളെയൊന്നും നീക്കിനിറുത്തുന്നില്ലെന്നു ബാഫക്കിതങ്ങൾ അറിയിക്കുകയുണ്ടായിയെന്നാണ് റിപ്പോർട്ട്. തങ്ങളുടെ കച്ചവടം കൊള്ളാം. കോൺഗ്രസ്സ് രാജ്യങ്ങളുമായി മുന്നണിയുണ്ടാക്കിയില്ലെങ്കിൽ മാർക്സിസ്ററുകാരുമായി മുന്നണിയുണ്ടാക്കിക്കളയുമെന്ന് തങ്ങൾ താക്കീതു നൽകുകയാണോ? മുന്നണിയേതായാലും ബാഫക്കിക്ക് രണ്ടു മന്ത്രിമാർ വേണമെന്നേയുള്ളു. ഏതായാലും ബാഫക്കിക്ക് തൻെറ കക്ഷിക്ക നിർണ്ണായക പങ്കു വേണമെന്നാഗ്രഹമുണ്ട്. അതിനു പററിയ നയപ്രഖ്യാപനം അദ്ദേഹം ചെയ്യുന്നു. എന്നാൽ വിശ്വനാഥപ്രഭൃതികൾക്ക എന്താണു ചെയ്യേണ്ടതെന്നു ഒരെത്തും പിടിയും കിട്ടുന്നില്ല. മുസ്ലീം നേതാവു മാർക്സിസ്ററുകാരെ വരെ ഈ ഘട്ടത്തിൽ മുന്നണിയിൽ നിന്നു ഒഴിച്ചുനിർത്തുകയില്ലെന്നു തന്ത്രപൂർവ്വം പ്രസ്താവന ചെയ്യുമ്പോൾ തന്നെ അനുയായികളെക്കൊണ്ടു മററു തരത്തിൽ പ്രസംഗിക്കുന്നുമുണ്ട്. കേരളത്തിൽ പ്രസിഡൻറ് ഭരണം ക്ഷണിച്ചുവരുത്തി, തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകാനുള്ള മാർക്സിസ്ററ് തന്ത്രം വിലപ്പോകുകയില്ലെന്നു, മുഹമ്മദ്കോയ പ്രസ്താവിക്കുന്നു. (മാതൃഭൂമി ജൂലായ് 7) അച്ചുതമേനോൻെറ കൂടെ മുഹമ്മദ്കോയയും മന്ത്രിസഭയിൽ തുടരന്നിരിക്കാൻ തയ്യാറായിട്ടുണ്ട്.

'ഇന്ദിരാ കോൺഗ്രസുമായി' സഖ്യമില്ലെന്നു ഐ. എസ്സ്. പി. നേതാവ് പി. ആർ. കുറുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞു. 'വരുന്ന തെരഞ്ഞെടുപ്പിൽ ഇന്ദിരാ കോൺഗ്രസിനു പങ്കാളിത്തമുള്ള ഒരു മുന്നണിയുമായി യോജിക്കാൻ ഐ. എസ്സ്. പി. ക്ക സാദ്ധ്യമല്ലെന്നു മുൻമന്ത്രി പി. ആർ. കുറുപ്പ് ഇന്നു പ്രസ്താവിച്ചു. (മനോരമ ജൂലായ് 7) ഇന്ദിരാ കോൺഗ്രസിനു പങ്കാളിത്തമുള്ള മുന്നണിക്ക് സാദ്ധ്യമല്ലെന്നു പ്രഖ്യാപിക്കുന്ന പി. ആർ. കുറുപ്പ് അതിനു പറയുന്ന കാരണവും പരിശോധിച്ചു നോക്കേണ്ടതാണ്. 'വ്യക്തമായ പരിപാടികളോടു കൂടിയ ഐക്യമുന്നണി ഉണ്ടാക്കുന്ന കാര്യത്തിൽ ഇന്ദിരാ ഗ്രൂപ്പ് കോൺഗ്രസ് അവരുടെ നിലപാട് ഇതുവരെയായി വ്യക്തമാക്കിയിട്ടില്ലാത്തതാണ് ഇതിനു കാരണ' മെന്നും പി. ആർ. കുറുപ്പ് പറഞ്ഞിട്ടുണ്ട്. അപ്പോൾ കോൺഗ്രസ് സ്വന്തം പരിപാടിയുടെ അടിസ്ഥാനത്തിൽ മത്സരിക്കുന്നതിനു പി. ആർ. കുറുപ്പ് എതിരാണ്. പറയുന്നതു കേട്ടാൽ തോന്നുക, പരിപാടിയോടുകൂടിയ ഐക്യമുന്നണിയില്ലാത്തതുകൊണ്ടാണ് പഴയ ഐക്യമുന്നണിയും പിന്നത്തെ ഭരണമുന്നണിയും പൊളിഞ്ഞതെന്നാണ്. പി. ആർ. കുറുപ്പിനു പരിപാടിയില്ലാത്തതാണ് പരാതി. കുറുപ്പ് പറയുന്നവന്മാരെ മന്ത്രിയാക്കണമെന്നും മിനിമം പരിപാടിയിൽ എഴുതിച്ചേർക്കണമെന്നായിരിക്കും കുറുപ്പിൻെറയാവശ്യം. അദ്ദേഹം തത്വം പറയുന്നത് കേൾക്കേണ്ടതു തന്നെയാണ്. 'പരസ്പര ധാരണമാത്രമുള്ള കൂട്ടുകെട്ടുകൾ ഇനി ഒരിക്കലും വിജയിക്കാൻ പോകുന്നില്ലെന്നും കുറുപ്പ് പറഞ്ഞു., (മനോരമ ജൂലായ് 7) ഐക്യമുന്നണിക്കും വ്യക്തമായ പരിപാടിക്കും വേണ്ടി കുറുപ്പ് ദാഹിക്കുകയല്ലേ? പി. ആർ. കുറുപ്പിൻെറ ഇത്തരം പ്രസ്താവനകളിൽ നിന്നു മനസ്സിലാക്കേണ്ടത് അദ്ദേഹം വീണ്ടും മാർക്സിസ്ററ് പാർട്ടിയുമായി ഐക്യമുന്നണിയിൽ ചേരാമോയെന്നു പരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. ആകപ്പാടെ ഭരണമുന്നണിക്കാർ സീററു സംരക്ഷണത്തിനു വേണ്ടി പരക്കം പാഞ്ഞുകൊണ്ടിരിക്കുന്നതാണ് ഇന്നു കാണുന്ന കാഴ്ച."

# ബ്രിട്ടണിൽ യാഥാസ്ഥിതികർ അധികാരത്തിൽ

(കഴിഞ്ഞലക്കത്തിൽനിന്നു് തുടർച്ച)

അങ്ങിനെ സമ്പദ് വ്യവസ്ഥയിൽ കാര്യമായ മാററമൊന്നും ഇല്ലാതിരിക്കുകയും സാമ്പത്തിക ലക്ഷ്യങ്ങളിൽ ജനങ്ങളുടെ ശ്രദ്ധപിടിച്ചു നിർത്തീതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ സാധാരണ ജനങ്ങളെ ഏററവും സ്വാധീനിക്കുന്ന വർഗ്ഗ–വർണ്ണ–ഭാഷാ പരമായ വികാരങ്ങൾ ഇത്തവണ ബ്രിട്ടണിലെ തെരഞ്ഞെടുപ്പിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയും ചെയ്തു. എല്ലായിടത്തേയും പോലെ ബ്രിട്ടണിലും പരമ്പരാഗതമായി ലേബർകക്ഷിയ്ക്കും യാഥാസ്ഥിതിക കക്ഷിയ്ക്കും ലഭിക്കുന്ന കുറേ സ്ഥാനങ്ങളുണ്ട്. ഏതാനും ആയിരം വോട്ടുകൾ മറിയുന്നതിനനുസരിച്ചു് തെരഞ്ഞെടുപ്പ് ഫലവും മാറുന്ന അമ്പതിലേറെ നിയോജക മണ്ഡലങ്ങളുമുണ്ട്. ആരാണ് അധികാരത്തിൽ വരേണ്ടതെന്ന ഫലത്തിൽ നിശ്ചയിക്കുന്നതു് വക്കത്തു് നിൽക്കുന്ന ഇത്തരം നിയോജക മണ്ഡലങ്ങളാണ്- ഈ മണ്ഡലങ്ങളിലെ നിർണ്ണായകഘടകമായി വരുന്ന ഏതാനും വോട്ടർമാരെ ചേരിതിരിച്ചെടുക്കുന്നതിനുള്ള എളുപ്പമാർഗം വികാരപരമായ സമീപനമാണെന്നും സാധാരണക്കാർക്ക നേരിട്ടു് വലിയ താൽപ്പര്യമൊന്നുമില്ലാത്ത വിഷയങ്ങളല്ലെന്നുമാണ് യാഥാർത്ഥ്യം. ഈ തെരഞ്ഞെടുപ്പിൽ ബ്രിട്ടീഷ് യാഥാസ്ഥിതികകക്ഷി ഫലപ്രദമായി ഈ മാർഗ്ഗം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതു് ബ്രിട്ടണിൽ താമസമാക്കിയവരും താമസിക്കാൻ വന്നുകൊണ്ടിരിക്കുന്നവരുമായ ഏഷ്യാക്കാർക്കെതിരായ വർഗീയ വികാരത്തെ മതലെടുത്തതാണ്. സാമ്പത്തിക പ്രശ്നവുമായിബന്ധപ്പെടുത്തിക്കൊണ്ടു് സാധാരണക്കാരുടെ വർഗീയവികാരം ഇളക്കാൻ എളുപ്പവുമാണ്. ഏഷ്യാക്കാരായകുടിയേററക്കാരുടെ എണ്ണം പെരുകിവരുകയാണെന്നും രണ്ടുമൂന്നു തലമുറ കഴിയുമ്പോഴേക്കും ബ്രിട്ടൺ ഭരിക്കുന്നതു് കുടിയേററക്കാരായ ഏഷ്യാക്കാരായിരിക്കുമെന്നും ഈനോക്ക് പവ്വലിനെപ്പോലുള്ള യാഥാസ്ഥിതികകക്ഷിനേതാക്കൾ പ്രചരിപ്പിച്ചിരുന്നു. തുറന്ന പ്രചരണം നടത്തിയിരുന്നില്ലെങ്കിൽ പവ്വലിനെപ്പോലുള്ളവരുടെ പേരുമായി വർഗവിദ്വേഷത്തിന ബന്ധമുണ്ടെന്നു വ്യക്തമാകുന്ന തരത്തിലായിരുന്നു യാഥാസ്ഥിതികകക്ഷികൾക്ക വമ്പിച്ച സ്വാധീനമുള്ള ബ്രിട്ടീഷ് പത്രങ്ങളുടെ പ്രചരണം "ലേബർ പാർട്ടി"യിലെ 'വലതുപക്ഷ' വിഭാഗത്തെയാകർഷിക്കാൻവർഗവിദ്വേഷത്തിന സാധിക്കുമെന്നു തന്നെ നേരത്തെ തന്നെ പലരും റിപ്പോർട്ടുചെയ്തിട്ടുള്ളതാണ്. ഇതു് സാധാരണഗതിയിൽ സോഷ്യലിസ്റ്റ് സാംസ്കാരിക വിപ്ളവം നടന്നിട്ടില്ലാത്തിടത്തു് സംഭവിക്കുമെന്നതിന ചരിത്രപരമായ തെളിവുകൾ ധാരാളമുണ്ട്.

ഇന്ത്യയിൽ തന്നെ ഉത്തരേന്ത്യൻ മേധാവിത്വത്തെ ചൂണ്ടിക്കാട്ടി ദ്രാവിഡമുന്നേററ കഴകത്തിനുണ്ടായ വളർച്ചയൊരു ഉദാഹരണമാണ്. ബോംബെയിൽ ദക്ഷിണേന്ത്യക്കാർ ജോലികൾ കയ്യടക്കുന്നുവെന്നും മഹാരാഷ്ട്രക്കാരുടെ തൊഴിൽ സാദ്ധ്യത നഷ്ടപ്പെടുന്നുവെന്നും പ്രചരിപ്പിച്ചാണ് ശിവസേന വളർന്നു വന്നതു്.

സാധാരണ തൊഴിലാളികളെ സ്വാധീനിക്കുന്നതിന മുതലാളിത്വം സ്വീകരിക്കുന്ന അടവുകളിൽപ്പെട്ടതാണിവ. മുതലാളിത്തസമ്പദ് വ്യവസ്ഥയിലെ വൈരുദ്ധ്യങ്ങളും തൊഴിലില്ലായ്മയും മൂടിവെക്കുന്നതിന താൽക്കാലിക പ്രയോജനം ചെയ്യാൻ ഈയടവുകൾക്ക സാധിക്കും. യാഥാസ്ഥിതിക കക്ഷിക്ക പാർളിമെൻറിൽ ഭൂരിപക്ഷം നേടിക്കൊടുക്കുന്നതിന സാധിച്ചതിൽ ഗണ്യമായ പങ്ക് ഏഷ്യൻ വംശജർ വർദ്ധിക്കുന്നുവെന്ന ഇമ്പാച്ചി കാട്ടിയുള്ള പ്രചരണത്തിനുണ്ട്.

ഏതയാലും യാഥാസ്ഥിതിക കക്ഷിയുടെ ഭരണവും ലേബർകക്ഷിയുടെ ഭരണവും തമ്മിൽ ബ്രിട്ടണിലെ ജനതയെ സംബന്ധിച്ചിടത്തോളം കാര്യമായ വ്യത്യാസമൊന്നും ഉണ്ടാകാൻ പോകുന്നില്ല. യാഥാസ്ഥിതിക കക്ഷിയും പ്രകടനപത്രികയിൽ ചിലതൊക്കെ പറഞ്ഞിട്ടുണ്ട്. പൊതുച്ചെലവുകൾ കുറയുമെന്നൊക്കെയുണ്ടു് പ്രഖ്യാപനം. സാമൂഹ്യ പരിഷ്കരണ നടപടികൾ നടപ്പാക്കിയിടത്തോളം യാഥാസ്ഥിതികർ തുടർന്നു പോകുമെന്നു കരുതണം. രാജ്യരക്ഷാച്ചെലവ് അവർ വർദ്ധിപ്പിക്കുന്നതാണ്. ഉപരിപ്ലവമായ ഇത്തരം നടപടികൾ സാധരണ ജനതയുടെ സാമ്പത്തികയുന്നമനത്തെ സഹായിക്കുന്നതൊ കുത്തകമുതലാളിത്തത്തിൻെറ വളർച്ചയെ തടയുന്നതൊ ആയിരിക്കില്ല. എന്നാൽ വിദേശ നയത്തിൽ ബ്രിട്ടീഷു നിലപാട് കൂടുതൽ വലത്തോട്ട് ചായുമെന്നതിൻെറ ലക്ഷണങ്ങൾ കണ്ടു് തുടങ്ങിക്കഴിഞ്ഞു.

തെരഞ്ഞെടുപ്പ് കാലത്ത് ദക്ഷിണാഫ്രിക്കയുടെ ക്രിക്കററ് ടീമിൻെറ സന്ദർശനം റദ്ദാക്കിയതിനെതിരെ യാഥാസ്ഥിതിക കക്ഷിനേതാക്കൾ വളരെ പ്രചരണം അഴിച്ചുവിട്ടിരുന്നു. ഏഷ്യക്കാരുടെയും ഇടതുപക്ഷബുദ്ധിജീവികളുടേയും സമ്മർദ്ദ തന്ത്രങ്ങൾക്ക വിൽസൻ വഴങ്ങുന്നുവെന്നായിരുന്നു ആരോപണം. പ്രചരണക്കാലത്തു വിഷയം ദക്ഷിണാഫ്രിക്കയുടെ ക്രിക്കററു കളിയായിരുന്നെങ്കിൽ ഭരണകാലത്ത് വിഷയം ദക്ഷിണാഫ്രിക്കക്ക് ആയുധം നല്കലായി മാറിയിട്ടുണ്ട്. വർഗ്ഗവിരോധിയായ ഇനോക്ക് പവലിനെ മന്ത്രിസഭയിലുൾപ്പെടുത്തിയിട്ടില്ലെങ്കിലും അയാളുടെസ്വാധീനം പ്രതിഫലിപ്പിക്കാതിരിക്കാൻ ബ്രിട്ടീഷ് പ്രധാനമന്ത്രിഹീത്തിന സാദ്ധ്യമല്ല. പഴയ യാഥാസ്ഥിതിക ഗവമ്മെണ്ടാണ് കെനിയയിലെ ഏഷ്യക്കാർക്ക് ബ്രിട്ടീഷ് പാസ്സ്പോർട്ട് നൽകിയതെങ്കിലും ശരി ഹീത്തിൻെറ യാഥാസ്ഥിക ഗവമ്മെൻണ്ട് മേലിൽ ഏഷ്യക്കാരെ ബ്രിട്ടണിൽ പാർക്കാൻ അനുവദിക്കുകയില്ല. ഹീത്തിൻെറ ഗവമ്മെൻണ്ട് വന്നപാടെതന്നെ ദക്ഷിണാഫ്രിക്കക്ക് ആയുധം വിൽക്കാൻ തീരുമാനിക്കുകയും ചെയ്തു.

അടുത്ത നടപടി റൊഡേഷ്യയിലെ ഇയാൻസ്മിത്തിൻെറ ഗവർമ്മെണ്ടിൻെറ അംഗീകരിക്കുന്നതിനുള്ള നീക്കമായിരിക്കും. റൊഡേഷ്യയിൽ ബ്രിട്ടീഷ് കൺസലേററുകൾ തുടങ്ങാൻ താമസമില്ല. ക്രമേണ റൊഡേഷ്യയുമായുള്ള വ്യാപാര നിരോധക്കരാറു് വിസ്മരിക്കപ്പെടും. ഇപ്പോൾ തന്നെ ബ്രിട്ടീഷ്‌വ്യവസായികൾ നിർമ്മിക്കുന്ന സാധനങ്ങൾ റൊഡേഷ്യയിലേയ്ക്ക രഹസ്യമായി കടത്തുന്നതു്. ഇനി അതു് പരസ്യമായ വിൽപ്പന തന്നെയായിത്തീരും. അതുപോലെ തന്നെ ഇന്ത്യയുടെ ചരക്കുകൾക്ക ബ്രിട്ടനിൽ വിൽപ്പനനടത്താനുള്ള ; സൌകര്യവും യഥാസ്ഥിതിക ഭരണത്തിൽ നഷ്ടമാകാൻ പോവുകയാണ്. ബ്രിട്ടീഷ് ഭരണകൂടം എന്നും കച്ചവടക്കണ്ണോടുകൂടിയാണ് പ്രവർത്തിച്ചിട്ടുള്ളതെന്നാണ് ചരിത്രം. വൻകിട കച്ചവടക്കാരുടെ നിയന്ത്രണത്തിലുള്ള യഥാസ്ഥിതിക കക്ഷിയുടെ കയ്യിൽ ഭരണകൂടം വന്നാൽ പിന്നെ വിദേശ ബന്ധങ്ങളും സ്വകാര്യമുതലാളിയുടെ കച്ചവട ലാഭത്തെ അടിസ്ഥാനമാക്കിയുള്ളതാകുമെന്നതിൽ സംശയിക്കാനൊന്നുമില്ല.

[9-ാംപേജ് തുടർച്ച]

വടക്കൻ അയർലണ്ടിൽ കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും തമ്മിലുള്ള വർഗീയ ലഹളകൾ അഞ്ചുപേരുടെ മരണത്തിനിടയാക്കിയിരിക്കുന്നു. ബെൽഫാസ്റ്റിൽ കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും പരസ്പരം വെടിവെച്ചുവെന്നാണ് റിപ്പോർട്ട്. മിസ്സ് ബർണാഡററ് സെൻവിൻ എന്ന സ്വതന്ത്ര എം. പിയെ അറസ്റ്റ് ചെയ്തതിനെ തുടർന്നാണ് ലഹളകൾ ആരംഭിച്ചത്. കഴിഞ്ഞ ഡിസംബറിൽ ലണ്ടണറിയിൽ നടന്ന ലഹളയിൽ പങ്കെടുത്തതിനു അവരെ ആറുമാസത്തെ ജെയിൽ ശിക്ഷക്കു വിധിക്കുകയുണ്ടായി.

ലഹളയുടെ സമയത്ത് തീവെപ്പും കല്ലേറും മററും നടന്നു. ലഹളയെക്കുറിച്ചു 'സൺഡെ ടെലഗ്രാഫി'ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഭാഗം ശ്രദ്ധിക്കേണ്ടതാണ്. 'പ്രത്യക്ഷത്തിൽ നിരുപദ്രവികളായിത്തോന്നുന്ന കാഴ്ചക്കാരുടെ ഒരു കൂട്ടം വളരെ വേഗത്തിൽ കലികയറിയ ഒരാൾക്കൂട്ടമായി മാറുന്നതാണ് ബെൽഫാസ്റ്റിലെ രംഗത്തിൻെറ പ്രത്യേകത. കിട്ടാവുന്ന സമയത്തിനുള്ളിൽ അത്തരം 'ഉടൻ കൂട്ടം' വളർന്നുവരുന്നത് തടയാൻ പോലീസിനും സൈന്യത്തിനും വിഷമതയുണ്ടാകുന്നു,, ലണ്ടണറിയിൽ നിന്നു ഡെയിലി ടെലഗ്രാഫിൻെറ റിപ്പോർട്ടർമാർ ഇങ്ങനെയാണ് എഴുതുന്നത്. വർഗ്ഗീയ ലഹളകൾ തടയാൻ സാധിക്കാത്തതിൽ പോലീസിനെ മാത്രം കുററപ്പെടുത്തുന്നവർ ഓർക്കേണ്ട കാര്യമാണിത്. വർഗീയ ലഹളയുണ്ടാകുമ്പോൾ ഓരോരുത്തരുടേയും ഉള്ളിൽക്കിടക്കുന്ന മതവികാരം ഇളകിപ്പുറത്തു ചാടി സംഹാര താണ്ഡവം നടത്തുന്നുവെന്നതാണ് സത്യം. അയർലണ്ടിലായാലും ഇന്ത്യയിലായാലും ഇത് തന്നെയാണ് സ്ഥിതി. വടക്കൻ അയർലണ്ടിൽ നടന്ന ലഹളകളുടെ റിപ്പോർട്ടിൽ നിന്നു ഒരു കാര്യം വ്യക്തമാകുന്നുണ്ട്. അവിടെ കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും ഇടകലർന്നല്ലാ താമസിക്കുന്നത്. വ്യത്യസ്തസ്ഥലങ്ങളിൽ കൂട്ടംചേർന്നാണ് താമസിക്കുന്നത്.

നമ്മുടെ ദേശീയോൽ ഗ്രഥനക്കാരും മതസൗഹാർദ്ദകരും മനസ്സിലാക്കേണ്ടകാര്യമാണിത്. മതപരമായ പ്രത്യേകതകളെ പ്രോത്സാഹിപ്പിക്കുന്തോറും വിഭാഗീയത ഏറിവരുന്നുവെന്നതാണ് അയർലാണ്ടിലായാലും ഇന്ത്യയിലായാലും നിഷേധിക്കാനാവാത്ത കാര്യം. വർഗീയതയും വർഗീയ കലാപങ്ങളും അവസാനിപ്പിക്കുന്നതിനുള്ള മാർഗ്ഗം ജനങ്ങളെ ശാസ്ത്രീയ ചിന്തയുടെ അടിസ്ഥാനത്തിൽ ഒന്നിപ്പിക്കുക മാത്രമാണെന്നു ഒന്നിനൊന്നു വ്യക്തമായി വരുന്നു.

ബെൽഫാസ്റ്റിൽ ലഹളകളമർച്ച ചെയ്യാൻ പോയ ബ്രിട്ടീഷ് പട്ടാളത്തെപ്പററിയും പരാതിയുണ്ട്. പട്ടാളക്കാർ കത്തോലിക്കരുടെ വീടുകളിൽ കയറി ആയുധങ്ങൾ സൂക്ഷിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുന്നതിനിടയിൽ പണവും സാധനങ്ങളും കൊള്ളചെയ്തുവെന്നാണ് ആരോപണം. പാർളിമെൻറംഗങ്ങൾവരെ ഈയാരോപണം ഉന്നയിച്ചിട്ടുണ്ട്. ചില പട്ടാളക്കാർ കത്തോലിക്കരുടെ മതചിഹ്നങ്ങൾ തകർത്തുവെന്നും ക്രിസ്തുവിൻെറ കുരിശിലുള്ള രൂപം തല്ലിപ്പൊട്ടിച്ചു വെന്നുമൊക്കെ ആക്ഷേപമുണ്ട്. ബ്രിട്ടണിലെ ആഭ്യന്തരമന്ത്രിയെക്കണ്ടു പാർളിമെൻറംഗമായ ജെറാൾസ്ഫിററ് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നു ആവശ്യപ്പെട്ടിരിക്കുന്നു.

ഐറിഷ് റിപ്പബ്ളിക്കിലെ ഗവർമ്മെണ്ടു ഈ ലഹളകൾ സംബന്ധിച്ചു തുറന്ന യഭിപ്രായ പ്രകടനം നടത്തിയിരിക്കയാണ്. ബെൽഫാസ്ററിൽ ഏക പക്ഷീയമായി കത്തോലിക്കരെ നിരായുധരാക്കുന്നുവെന്നാണ് ഐറിഷ്റിപ്പബ്ളിക്കിലെ ഗവർമ്മെണ്ടു കുററപ്പെടുത്തുന്നത്. വടക്കൻ അയർലണ്ടിലെ ഭരണാധികാരികൾ ന്യൂനപക്ഷക്കാർക്കു സമ്പൂർണ്ണ സംരക്ഷണം നൽകണമെന്നു ഐറിഷ് റിബ്ളിക്കൻ ഗവർമ്മെണ്ടു ആവശ്യപ്പെട്ടിരിക്കുന്നു.

അയർലണ്ട് സ്വാതന്ത്ര്യം നേടിവളരെയേറെക്കാലം കഴിഞ്ഞിട്ടും ഇത്തരം വർഗീയ ലഹളകൾ ഉണ്ടാകുമ്പോൾ അഭ്യന്തര പ്രശ്നമാണെന്നു കരുതി പ്രതികരണങ്ങൾ മൂടിവെക്കാൻ സാധിക്കുന്നില്ല. പിന്നെ പാക്കിസ്ഥാനിൽ നിന്നും ഹിന്ദുക്കളുടെ അഭയാർത്ഥി പ്രവാഹമുണ്ടാകുമ്പോൾ ഇന്ത്യയിൽ പ്രതികരണം ഉണ്ടാകാതിരിക്കുമോ? ജനങ്ങളെ മതത്തിൻെറ പിടിയിൽ നിന്നു മോചിപ്പിച്ചു ശാസ്ത്രീയ ചിന്താഗതിയും യുക്തിബോധവും ഉള്ളവരാക്കാതെ വർഗീയ ലഹളകളും അതിൻെറ പ്രത്യാഘാതങ്ങളും യൂറോപ്പിലായാലും ഇന്ത്യയിലായാലും അവസാനിക്കാൻ പോകുന്നില്ല.

* * * *

ഇന്ത്യയിലെ ഇടതും വലതും കമ്യൂണിസ്റ്റുകാർക്കു ഒരേപോലെ രസകരമായി ത്തോന്നാവുന്ന ഒരു കത്ത് ജൂൺ 27നു-യിലെ 'ഫ്രണ്ടിയർ' വാരികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മാവോസേതുങ്ങിൻെറ പ്രസംഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് കൽക്കത്തക്കാരനായ എസ്സ്. സി. സഹ എഴുതിട്ടുള്ളതാണ് കത്ത്. ഇംഗ്ലീഷിലുള്ള കത്തിൻെറ മലയാളം വിവർത്തനം താഴെച്ചേർക്കുന്നു.

ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ എട്ടാം കോൺസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് മാവോസേതുങ്ങ് പറഞ്ഞു "സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം കോൺഗ്രസ്സ് പല ശരിയായരാഷ്ട്രീയ തത്വങ്ങളും തയ്യാറാക്കി. പാർട്ടിയുടെ കുറവുകളെ അധിക്ഷേപിച്ചു. ഭാവിയിൽ അവരുടെ പ്രവർത്തനത്തിനു എതിരററ തോതിൽ വമ്പിച്ച വികാസമുണ്ടെന്നു ഉറപ്പിച്ചു പറയാൻ സാധിക്കും' ഇത് 1959ൽ പറഞ്ഞതാണ്.

1957 മാവോസേതുങ്ങ് പറഞ്ഞു. പ്രയോഗിക കടമകൾ നിർവ്വഹിക്കുന്നതിൽ മാർക്‌സിസ്റ്റ്ലെനിനിസ്റ്റ് സിദ്ധാന്തങ്ങൾ സൃഷ്ടിപരമായി ഉപയോഗിച്ച്, പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിൽ സോവിയ

---

(കാഴ്ചപ്പാട് 10-ൽനിന്നു് തുടർച്ച)

എന്നാലും ഇന്ത്യാഗവർമ്മെണ്ടിൻെറ ബ്റിട്ടീഷ് അടിമത്വം അവസാനിക്കുമോ എന്നറിയാനായിരിക്കും ഇന്ത്യക്കാർക്കു താൽപര്യം. ഇന്ത്യ കോമൺവെൽത്തു് എന്ന പുരാതന സംഘടനയിൽ അംഗമായി തുടരുന്നതുകൊണ്ടു് എന്തു് പ്രയോജനമാണുണ്ടാകാൻ പോകുന്നതു്? എന്തിനും ബ്റിട്ടണിൻെറ സഹായം ഉററു നോക്കുന്ന പതിവ് ഉപേക്ഷിച്ചു് ആഫ്റിക്കയിലേയും ഏഷ്യയിലേയും രാജ്യങ്ങളുമായി നേരിട്ടുള്ള ഉറച്ച ബന്ധം ശക്തിപ്പെടുത്തുന്നതിനു ബ്റിട്ടണിലെ യാഥാസ്ഥിതിക കക്ഷിയുടെ വിജയം ഇന്ത്യാഗവർമ്മെണ്ടിനെ പ്രേരിപ്പിച്ചെങ്കിൽ നന്നായിരുന്നു. വിദേശരംഗത്തേക്കുകൂടി. ബ്റിട്ടീഷ് യാഥാസ്ഥിതികത്വം പ്രകടമായി കടന്നുവരുമെന്നതൊഴിച്ചാൽ, ബ്റിട്ടീഷുകാരെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പ് ഫലം സാരമായ വ്യത്യാസമൊന്നും വരുത്താൻ പോകുന്നില്ല. കാരണം ബ്റിട്ടണിൽ എന്നും യാഥാസ്ഥിതികത്വമാണ് അധികാരത്തിലുള്ളതു്. 0 0 0

എഴുതാപ്പുറം [തുടർച്ച]

ററ് ജനതക്ക് നിരന്തരമായ വിജയം ഉണ്ടാക്കുമെന്നു സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി ഉറപ്പു വരുത്തി. സോവിയററ് റഷ്യയിൽ കമ്യൂണിസം കെട്ടിപ്പടുക്കാനുള്ള സമരത്തിനു സോവിയററ് കമ്യൂണിസ്ററ് പാർട്ടിയുടെ 20-ാം കോൺഗ്രസ്സ് രൂപം കൊടുത്തത് പ്രകടമായ ഉദാഹരണമാണ്. ഒക്ടോബർ വിപ്ളവത്തിൻെറ 40-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ സോവിയററ് യൂണിയനിലെ സുപ്രീം സോവിയററിൻെറ ജൂബിലിസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മാവോസേതുങ്ങ്.

സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ 20—ാം കോൺഗ്രസ്സ് ശരിയായ നയം ആവിഷ്ക്കരിച്ചുവെന്നു മവോസേതുങ്ങ് പറഞ്ഞതു് തെററാണെന്നു ഇപ്പോൾ വ്യക്തമായിട്ടുണ്ട്. മാവോസേതുങ്ങ് എന്തെങ്കിലും സ്വയം വിമർശനം നടത്തിയിട്ടുണ്ടോ? മാർക്സിസ്ററ് പാർട്ടിയിലെ സുഹൃത്തുക്കളോടും നക്സൽബാരിക്കാരായ സ്നേഹിതന്മാരോടുമാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നതു്. ഒരു മറുപടി ലഭിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

മാർക്സിസ്ററ് കമ്യൂണിസ്ററ്കാരുടേയും നക്സൽബാരികളുടേയും മറുപടി എന്തുതന്നെയായാലും ശരി സ്ററാലിൻ മരിച്ചശേഷം ക്രൂഷ്ചേവ് അധികാരത്തിൽ വന്ന നാലഞ്ചു കൊല്ലം മാവോസേതുങ്ങും സോവിയററ് കമ്മ്യൂണിസ്ററു പാർട്ടിയും ലോഹ്യത്തിലായിരുന്നുവെന്നു സംഗതി നിഷേധിക്കാനാവില്ല. മാവോസേതുങ്ങിന്റേയും ചൈനീസ് കമ്മ്യൂണിസ്ററുപാർട്ടിയുടേയും ദൃഷ്ടിയിൽ എന്നാണ് സോവിയററു് കമ്മ്യൂണിസ്ററുപാർട്ടി റിവിഷനിസ്റ്റായിത്തുടങ്ങിയതെന്നു വ്യക്തമായി പറയേണ്ടതായിട്ടാണിരിക്കുന്നതു്. ചൈനയുടെ ദേശീയ താല്പര്യങ്ങളും സോവിയററു് ദേശീയ താൽപ്പര്യങ്ങളും തമ്മിലുള്ള സംഘട്ടനം ആരംഭിച്ചതു മുതൽക്കായിരിക്കണം ചൈനീസ് കമ്മ്യൂണിസ്ററുപാരട്ടി സോവിയററു് യൂണിയനെ തിരുത്തൽ പാർട്ടിയെന്നു ആക്ഷേപിക്കാൻ തുടങ്ങിയതെന്നു ഉറപ്പിക്കാവുന്നതേയുള്ളൂ. മാർക്സിസ്റ്റ് വീക്ഷണത്തിൽ തന്നെ ഈ സംഘട്ടനത്തിനു കാരണം വിഭിന്നമായ അളവിൽ സാമ്പത്തിക വളർച്ച പ്രാപിച്ച രാജ്യങ്ങൾ തമ്മിലുള്ള സംഘട്ടനമായി കരുതാവുന്നതാണ്. സോവിയററു് യൂണിയൻെറ സാമ്പത്തിക വളർച്ചക്ക് കോട്ടമുണ്ടാകുന്ന വിധം ചൈനയെ സഹായിക്കാൻ സോവിയററു് യൂണിയൻ സമ്പന്നമാകാഞ്ഞപ്പോഴാണോ മാവോസേതുങ്ങിനു റഷ്യയുമായി അഭിപ്രായവ്യത്യാസം തുടങ്ങിയതെന്നു രാഷ്ട്രീയവിദ്യാർത്ഥികൾ പരിശോധിക്കുന്നതു് നന്നായിരിക്കും.

0 0 0

# കത്തുകൾ

## കെ. പി. സി. സി നേതാക്കളാണു് ഉത്തരവാദികൾ.

"കോൺഗ്രസ് നേതാക്കളുടെ കഴിവുകേട്" എന്ന തലക്കെട്ടിൽ 21-ാം ലക്കം 'നിർണ്ണയ'ത്തിൽ ഒരു യൂത്ത്കോൺഗ്രസ്കാരൻ എഴുതിയ കത്ത്കണ്ടു. കെ. പി. സി. സി. യുടെ പുതിയ നേതാക്കൾ സ്വന്തം കക്ഷിയുടെ താൽപ്പര്യങ്ങൾ പോലും നോക്കാൻ കഴിവില്ലാത്തവരാണെന്ന ധാരണ പൊതുവെയുണ്ടായിക്കൊണ്ടിരിക്കുകയാണ്. മററു കക്ഷിക്കാരുടെ മുമ്പിൽ നേതാക്കൾ കാരണം കോൺഗ്രസ്സുകാർ പരിഹാസ്യരായിത്തീർന്നിരിക്കുന്നു.

ഡൽഹിയിൽപ്പോയി പ്രധാനമന്ത്രിയേയും കോൺഗ്രസ് പ്രസിഡൻറ് ജഗജീവൻറാമിനേയും കണ്ടു് ചർച്ചകൾനടത്തിയശേഷം തിരിച്ചുവന്നു. കെ. പി. സി. സി. പ്രസിഡൻറ് കെ. കെ. വിശ്വനാഥൻ ചെയ്ത പ്രസ്താവനയിൽ നിന്നു നേതാക്കളുടെ ചിന്താക്കുഴപ്പം പ്രകടമാകുന്നുണ്ട്. തെരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാട് അവസാനമായിത്തീരുമാനിച്ചിട്ടില്ലെന്നു മാത്രമേ വിശ്വനാഥനു പറയാനുള്ളൂ. ഒരു പക്ഷെ തെരഞ്ഞെടുപ്പ് ദിവസം വരെ ഇവർ തീരുമാനമെടുക്കുമായിരിക്കയില്ല.

ഒററക്കു വേണമെങ്കിൽ ഒററക്കും അതല്ലെങ്കിൽ മററു കക്ഷികളുമായി ഐക്യമുന്നണിയോ തെരഞ്ഞെടുപ്പു ധാരണയോ ഉണ്ടാക്കിയും കോൺഗ്രസ്സ് മത്സരിക്കുമെന്നു ആലുവായിൽ വെച്ചു് നിശ്ചയിച്ചിട്ടുണ്ടത്രെ. എന്താണിതിൻെറയർത്ഥം? ഇത്തരത്തിലല്ലാതെ ഏതെങ്കിലും രാഷ്ട്രീയ കക്ഷി കേരളത്തിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ടോ? മററാരും കോൺഗ്രസ്സിനെ കൂടെ ചേർത്തില്ലെങ്കിൽ ഒററക്കു മത്സരിക്കുമെന്നാണോ കെ. കെ. വിശ്വനാഥൻ പറയുന്നതു്? മററു കക്ഷികളുമായി ഐക്യമുന്നണിയുണ്ടാക്കാനും തയാറാണെന്നു പറയുന്നുണ്ട്? ഏതൊക്കെ കക്ഷികളുമായിട്ടാണ് ഐക്യമുന്നണിയുണ്ടാക്കുന്നതെന്നു പറഞ്ഞിട്ടില്ല. ഇതു് തന്നെയാണ് തെരഞ്ഞെടുപ്പ് ധാരണയെ സംബന്ധിച്ച സ്ഥിതിയും.

(കാഴ്ചപ്പാട് 6-ൽനിന്നു തുടർച്ച)

മറെറാരു രംഗത്തും കാണാത്ത വിരോധാഭാസമാണിതു്. ഒരു തൊഴിലാളി സംഘടനയിലോ സഹകരണ സംഘത്തിലോ അംഗമാകുന്ന ആർക്കും തന്നെ ആ സംഘടനയുടേയും സംഘത്തിൻേറയും ഏതു ഭരണസ്ഥാനത്തിനും വേണ്ടി മത്സരിക്കാനും തെരഞ്ഞെടുക്കപ്പെടാനും അവകാശമുണ്ടു്. അവിടെ അംഗങ്ങളും ഭാരവാഹികളും തമ്മിൽ പ്രായത്തിൻെറ കാര്യത്തിൽ ഒരു വിവേചനവുമില്ല. മറിച്ചു് 21 വയസ്സായ വോട്ടർക്കു വോട്ടു ചെയ്യാനല്ലാതെ നിയമസഭാംഗമോ നഗരസഭാംഗമോ ആകാനുള്ളയവകാശം ഇന്നില്ല. ഈ വിവേചനവും പ്രായത്തെ കഴിവിൻെറ മാനദണ്ഡമാക്കുന്നതിനുള്ള തെററായ പ്രവണതയുടെ പരിണിത ഫലമാണ്. ഇങ്ങനെ വോട്ടറും സ്ഥാനാർത്ഥിയും തമ്മിൽ പ്രായപരിധിയിൽ ഏർപ്പെടുത്തിയിട്ടുള്ള വിവേചനത്തിനു യുക്തിപൂർവ്വമായ ഒരു നീതീകരണവുമില്ല.

അതുകൊണ്ടു് പരിവർത്തനമാഗ്രഹിക്കുന്ന എല്ലാ പൌരന്മാരും 18 വയസ്സായവർക്കു വോട്ടവകാശം നേടുന്നതിനു വേണ്ടി സമരംചെയ്യേണ്ടിയിരിക്കുന്നു. വോട്ടു ചെയ്യുന്നതിനുള്ളയവകാശമുള്ളയാർക്കും തന്നെ തെരഞ്ഞെടുക്കപ്പെടുന്ന ഏതു സ്ഥാനത്തിനും വേണ്ടി സ്ഥാനാർത്ഥിയാകുന്നതിനും അവകാശമുണ്ടായിരിക്കേണ്ടതാണ്. അതായതു് 18 വയസ്സാകുന്ന ഏതൊരു പൌരനും ഇന്ത്യയിൽ വോട്ടർമാരായിരിക്കണമെന്നു മാത്രമല്ല, നഗരസഭാംഗമോ, നിയമസഭാംഗമോ, ലോകസഭാംഗമോ, രാഷ്ട്രപതിയോ ആകാൻ അവകാശമുണ്ടായിരിക്കണമെന്നർത്ഥം.

0 0 0

ചിലപ്പോൾ സ്വന്തം പരിപാടിയുടെയടിസ്ഥാനത്തിലായിരിക്കും കോൺഗ്രസ്സ് മത്സരിക്കുകയെന്നും മററു ചിലപ്പോൾ ഐക്യമുന്നണിയുണ്ടാക്കുമെന്നും മാറി മാറി കെ. പി. സി. സി പ്രസിഡണ്ട് കെ കെ വിശ്വനാഥനും ജന. സെക്രട്ടറി എ. കെ ആൻറണിയും പറഞ്ഞു നടക്കുന്നുണ്ട്. നാട്ടനീളെ നടന്നു പത്രസമ്മേളനങ്ങൾ നടത്തിയിട്ടും ഇതേവരെ കാര്യം വ്യക്തമായിട്ടില്ല. ഇതിനിടയിൽ കേരളം ഭരിക്കുന്ന കുറുമുന്നണിക്കാരെല്ലാം കൂട്ടമായും ഒററക്കും കോൺഗ്രസ്സിൻെറ തലയിൽക്കയറി ഭരണം നടത്തുകയാണ്. ഡൽഹിയിലുണ്ടായിരുന്ന വലത് കമ്യൂണിസ്റ്റ് നേതാവ് തിരിച്ചുവന്ന് തിരുവനന്തപുരത്ത് വെച്ച് ചെയ്ത പ്രസ്താവന നോക്കിയാൽ ഇത് മനസ്സിലാകും. കേരളത്തിലെ ഇടക്കാല തെരഞ്ഞെടുപ്പിൽ രണ്ട് മുന്നണികളാണ് മത്സരിക്കുകയെന്നും ഭരണമുന്നണിയും 'കോൺഗ്രസ്സും' തമ്മിൽ ധാരണയുണ്ടാകുമെന്നും എം. എൻ ഗോവിന്ദൻനായർക്ക് ആരാണ് ഉറപ്പു കൊടുത്തത്? ഈ ധാരണയുടെ അടിസ്ഥാനത്തിൽ നടക്കുന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ ഇന്നത്തെ ഭരണമുന്നണിക്ക് ഭൂരിപക്ഷം കിട്ടുമെന്നും എം എൻ ഗോവിന്ദൻ നായർ അവകാശപ്പെട്ടിരിക്കുന്നു.

ഭരണ മുന്നണിക്കാർക്കു ഭൂരിപക്ഷം കിട്ടുന്ന വിധത്തിൽ സീററു-വിഭജനം നടത്താൻ വലത് കമ്യൂണിസ്ററ്കാരും കൂട്ടാളികളും കൂടി തീരുമാനിച്ചു കഴിഞ്ഞുവെന്നു ഇതിൽ നിന്നു വ്യക്തമാണ്. ഒരു പടികൂടികടന്നു ഐ. എസ്സ്. പി. നേതാവ് പി. ആർ. കുറുപ്പ് കോൺഗ്രസിനെക്കൊണ്ട് ഭരണമുന്നണിയുടെ മിമിനിമം പരിപാടിയംഗീകരിപ്പിക്കുമെന്നയർത്ഥത്തിൽ സംസാരിക്കുകയും ചെയ്യുന്നു.

ഇതിനും പുറമേ കോൺഗ്രസ് നേതാക്കളെ തമ്മിൽ തല്ലിക്കാൻ വലത് കമ്യൂണിസ്ററ്കാർ ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. വലത് കമ്യൂണിസ്ററ്കാരുടെ മുമ്പിൽ നല്ലപിള്ള ചമയുന്നതിനുവേണ്ടി നടക്കുന്ന എ. കെ. ആൻറണിയെപ്പോലുള്ളവരാണ് ഇതിൻെറ കാരണക്കാർ. അച്ചുതമേനോൻ മന്ത്രിസഭ രാജിവെക്കണമെന്ന ഭരണ കോൺഗ്രസ് പി. സി. സി. യുടെ പ്രമേയത്തിനു നൽകിയ വ്യാഖ്യാനം കെ. പി. സി. സി.യുടെ ഔദ്യോഗിക അഭിപ്രായമായി കണക്കാക്കുന്നില്ലെന്നു വലത് കമ്യൂണിസ്റ്റ് സ്റ്റേററ് സെക്രട്ടറി എം. എൻ. ഗോവിന്ദൻനായർ പത്രസമ്മേളനത്തിൽ പ്രസ്താവിച്ചതായി 'മാതൃഭൂമി' റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അച്ചുതമേനോൻ മന്ത്രിസഭയധികാരത്തിൽ തുടരാൻ ശ്രമിക്കരുതെന്നു അഭിപ്രായപ്പെടുന്നുവെന്നാണ് കെ. പി. സി. സി. യുടെ നിർവ്വഹകസമിതി സമിതി പാസ്സാക്കിയ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിൻെറയർത്ഥം അച്ചുതമേനോൻ മന്ത്രിസഭ രാജിവെക്കണമെന്നു കെ. പി. സി. സി. ആവശ്യപ്പെടുന്നുവെന്നുതന്നെയാണെന്നു സി. എം. സ്റ്റീഫൻ പ്രസ്താവിച്ചിരുന്നു. അച്ചുതമേനോൻ മന്ത്രിസഭക്കു കോൺഗ്രസ് പിന്തുണ നൽകിയിരുന്നത് പിൻവലിച്ചതോടെ മന്ത്രിസഭക്ക് ഭൂരിപക്ഷത്തിൻെറ പിന്തുണ ഇല്ലാതെയായെന്നും അതുകൊണ്ട് മന്ത്രിസഭക്ക് തെരഞ്ഞെടുപ്പ് തിയതി നിശ്ചയിക്കാനോ അധികാരത്തിൽ തുടരാനോ അവകാശമില്ലെന്നുമായിരുന്നു സ്റ്റീഫൻെറ വാദം.

സ്റ്റീഫൻെറ അഭിപ്രായവും കെ. കെ വിശ്വനാഥൻെറ അഭിപ്രായവും കെ. പി. സി. സി. യുടെ ഔദ്യോഗിക അഭിപ്രായവും ഒന്നു തന്നെയാണെന്നു കെ. പി. സി. സി. സെക്രട്ടറി എ. കെ. ആൻറണി വിശദീകരണം നൽകിയിരുന്നതാണ്. എന്നാൽ എം. എൻ. ഗോവിന്ദൻ നായർ അതൊന്നും കൂട്ടാക്കുന്നില്ല. ഇനി മുതൽ എം. എൻ. ഗോവിന്ദൻ നായരുടെയഭിപ്രായം തന്നെ എ. കെ. ആൻറണിയും പറഞ്ഞുതുടങ്ങുമെന്നു കരുതണം.

എം. എൻ. ഗോവിന്ദൻ നായർ ഡൽഹിയിൽ നിന്നു തിരിച്ചുവന്നിട്ടുള്ളത് പ്രധാന മന്ത്രിയേയും മററും കണ്ട് ചില ഉറപ്പുകൾ നേടിക്കൊണ്ടാണോയെന്നു തോന്നിപ്പോവും അദ്ദേഹത്തിൻെറ ഉറച്ച പ്രഖ്യാപനങ്ങൾ വായിച്ചാൽ. ഇടക്കാലതെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഭരണത്തിൽ തുടരാൻ ഗവർമ്മെണ്ടിനു ഭരണഘടനാ വ്യവസ്ഥയനുസരിച്ച് ചുമതലയുണ്ട് അതിൽ നിന്നു ഒഴിഞ്ഞുമാറാൻ വയ്യ' എം. എൻ ജി യുടെ പ്രഖ്യാപനമാണിത്. കെ. പി. സി. സി യുടെ പ്രമേയത്തിനു എം. എനും കൂട്ടാളികളും ഒരു വിലയും കൽപ്പിക്കുന്നില്ലെന്നു ഇതിൽ നിന്നു വ്യക്തമാണല്ലോ. അധികാരത്തിലിരുന്നുകൊണ്ട് തെരഞ്ഞെടുപ്പ് നടത്താൻ തന്നെയാണ് ഇവരുടെ പരിപാടി. സി. എം. സ്ററീഫൻ കെ. പി സി. സി യുടെ പ്രമേയത്തിനു നൽകിയ വ്യാഖ്യാനം ശരിയാണെന്നും അതാണ് കെ. പി സി സി യുടെ ഔദ്യോഗിക അഭിപ്രായമെന്നും ഉറപ്പിച്ചു പറയാൻ കെ. കെ വിശ്വനാഥനോ, എ. കെ ആൻറണിക്കോ ധൈര്യമുണ്ടോ? അതോ അവർ വലത് കമ്യൂണിസ്ററുകാർ കെ. പി. സി. സി പ്രമേയത്തിനു നൽകുന്ന വ്യാഖ്യാനമാണ് ശരിയെന്നു കരുതുന്നുണ്ടോ?

ഇന്നത്തെ ഗവർമ്മേണ്ടിൻെറ നയപരിപാടികൾക്ക് ജനങ്ങളുടെ പിന്തുണ ആവശ്യപ്പെടുകയാണ് തെരഞ്ഞെടുപ്പിൻെറ ഉദ്ദേശമെന്നു അച്ചുതമേനോനെപ്പോലെ തന്നെ എം. എൻ ഗോവിന്ദൻ നായരും ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. അച്ചുതമേനോൻെറ ഈയാവശ്യത്തിനു കൂട്ടനിൽക്കാൻ കോൺഗ്രസിനെ കിട്ടുകയില്ലെന്നു സി. എ. സ്ററീഫൻ പ്രസ്താവിച്ചിരുന്നു. എന്നാൽ കെ. പി. സി. സി. പ്രസിഡൻറും മററു ഭാരവാഹികളും ഇതേപ്പററിയൊന്നും തന്നെ പറഞ്ഞുകണ്ടില്ല. ഒരു പക്ഷെ സ്ററീഫനെ എതിർക്കുന്നതിനു ഇവർ എം. എൻ. ഗോവിന്ദൻ നായരുടെ കൂട്ടുപിടിച്ചു കൂടായ്കയില്ല. അതല്ലെങ്കിൽ കെ. പി. സി. സി. നേതാക്കൾ കാര്യം തുറന്നു പറയണം.

അതേപോലെതന്നെ സെപ്തംബർ 2നു തെരഞ്ഞെടുപ്പ് നടത്തുമെന്നും എം. എൻ. ജി. പറയുന്നു. ഒക്ടോബറിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് മാർക്സിസ്ററ് പാർട്ടിയും കോൺഗ്രസ്സും എസ്. എസ്. പി. യും ഒക്കെ ആവശ്യപ്പെട്ടിട്ടുള്ളത്

മഴക്കാലത്തിൻെറയും കാര്യം പറഞ്ഞ് തെരഞ്ഞെടുപ്പ് സെപ്തംബർ മാസത്തിൽ നടത്താൻ സാധിക്കയില്ലെന്നു ചൂണ്ടിക്കാണിക്കുന്നവർ യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പ് നീട്ടിവെക്കാനാണ് വാദിക്കുന്നതെന്നു എം. എൻ. കുററപ്പെടുത്തിയിരിക്കുകയാണ്. ഒക്ടോബറിൽ ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നു ചീഫ് ഇലക്ഷൻ കമ്മീഷണറോട് വിശ്വനാഥനും മററും നിവേദനം നടത്തിയിട്ടുണ്ട്. അപ്പോൾ എം. എൻ. 'കുററപ്പെടുത്തുന്നത്' വിശ്വനാഥനേയും മററുമാണോ? മാർക്സിസ്ററ് പാർട്ടിക്കും കോൺഗ്രസിനും ഒക്ടോബറിൽ തെരഞ്ഞെടുപ്പ് നടത്തിയാൽ മതി പക്ഷെ വലതു കമ്യൂണിസ്ററ്കാർക്കു സെപ്തംബർ 2നു തന്നെ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് വാശി.

ഇതെല്ലാം കോൺഗ്രസ്കാരെക്കൊണ്ടു ചുമപ്പിക്കേണ്ടുന്ന ഗതികേട് വരുത്തിയതിൻെറ ഉത്തരവാദികൾ കെ. പി. സി. സി. നേതാക്കളാണ്.

നാസിമുദ്ദീൻ
കൊടുങ്ങല്ലൂർ

## വെള്ളിയാഴ്ച പ്പരിഷ്ക്കാരങ്ങൾ

മുസ്ലീം ലീഗ് നേതാവായ വിദ്യാഭ്യാസമന്ത്രിയുടെ ഭരണപരിഷ്ക്കാരങ്ങൾ തുടരുകയാണ്. പുതിയ വിദ്യാഭ്യാസ കലണ്ടർ അനുസരിച്ച് മലബാറിലെ 'മാപ്പിള സ്കൂളുകൾ' കുറെ ഞായറാഴ്ച കൂടി സ്വാദ്ധ്യായന ദിനങ്ങളെന്ന നിലയിൽ പ്രവർത്തിക്കണമെന്നതാണ് പുതിയ പരിഷ്ക്കാരം. ഈ പരിഷ്ക്കാരത്തിനു കാരണമായതു കഴിഞ്ഞ അദ്ധ്യാപക സമരമാണ്. അദ്ധ്യയന സമരങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് ഗവർമ്മെണ്ട് എടുത്ത നടപടിയിൽ പ്രതിഷേധിച്ചാണല്ലോ അദ്ധ്യാപക സമരമുണ്ടായതു. അന്നു മലബാറിലെ മാപ്പിള സ്കൂളുകളുടെ കാര്യത്തിലുള്ള വിവേചനം അദ്ധ്യാപക നേതാക്കൾ ചൂണ്ടിക്കാണിച്ചിരുന്നു.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാണ് അദ്ധ്യയന ദിവസങ്ങൾ വർദ്ധിപ്പിച്ചതെന്നു വിദ്യാഭ്യാസമന്ത്രി പ്രസ്താവിച്ചതിനു മറുപടിയായിട്ടാണ് മാപ്പിള സ്കൂളുകളുടെ കാര്യം അദ്ധ്യാപക നേതാക്കൾ ചൂണ്ടിക്കാണിച്ചതു. മലബാറിലെ മാപ്പിളസ്കൂളുകൾക്ക റംസാൻ ഒഴിവും മറ്റും കാരണം മററു സ്കൂളുകളെ അപേക്ഷിച്ച് അദ്ധ്യയന ദിവസങ്ങൾ കുറവായിരുന്നു. അദ്ധ്യാപക നേതാക്കളുടെ വാദത്തിനു മറുപടി പറയാൻ മുസ്ലീംലീഗ് മന്ത്രിക്കു വിഷമം നേരിട്ടു. ഇപ്പോൾ എല്ലായിടത്തും അദ്ധ്യയന ദിവസങ്ങൾ ഒരുപോലെയാക്കുന്നതിനു മാപ്പിള സ്കൂളുകളിൽ കുറെ ഞായറാഴ്ചകൾ കൂടി സ്വാദ്ധ്യായദിവസങ്ങളാക്കേണ്ടിയിരിക്കുന്നു.

മതപരമായ ഈ വിവേചനവും പരിഗണനകളും കാരണം കുഴപ്പങ്ങൾ ഒന്നിനൊന്നു വർദ്ധിക്കുന്നതേയുള്ളു. ഞായറാഴ്ച ദിവസം ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആരാധന നടത്താൻ സൌകര്യം നൽകുമെന്നാണ് വിദ്യാഭ്യാസാധികൃതർ പറയുന്നതു്. അപ്പോൾ ഒരു പ്രശ്നം വരുന്നു. ക്രിസ്ത്യൻ വിദ്യാർത്ഥികൾ മററുള്ളവരെക്കാൾ കുറവ് ദിവസം മാത്രം സ്കൂളിൽ പോയാൽ മതിയെന്നും, ക്രിസ്ത്യൻ അദ്ധ്യാപകർ മററു അദ്ധ്യാപകരെക്കാൾ കുറവ് ദിവസങ്ങളിൽ മാത്രം പഠിപ്പിച്ചാൽ മതിയെന്നുമല്ലേ ഇതിന്റെയർത്ഥം? അങ്ങിനെയല്ലെങ്കിൽ പിന്നെ റംസാൻ കാലത്തു് മാപ്പിള സ്കൂളുകൾക്ക പ്രത്യേകമായി ഒഴിവു നൽകുന്ന ദിവസങ്ങളിൽ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക പ്രത്യേകം ക്ലാസ്സുകൾ നടത്തണമെന്നുവെക്കേണ്ടി വരും. പക്ഷെ അവരെ പഠിപ്പിക്കാൻ ക്രിസ്ത്യാനികളായ അദ്ധ്യാപകരെ ആ ദിവസങ്ങളിൽ നിയോഗിക്കേണ്ടതായും വരും. ഏതെങ്കിലും വിഷയം പഠിപ്പിക്കുന്നതിനു ക്രിസ്ത്യാനികളായ അദ്ധ്യാപകരില്ലെങ്കിൽ റംസാൻ കാലത്തേക്ക് പ്രത്യേകമായി പററിയ ക്രിസ്ത്യൻ അദ്ധ്യാപകരെ നിയമിക്കണമെന്നും മതപ്രോത്സാഹകനായ മുസ്ലീംലീഗ് മന്ത്രി ഉത്തരവിട്ടുകൂടായ്കയില്ല.

ഭൂരിപക്ഷം അദ്ധ്യാപകരോ വിദ്യാർത്ഥികളോ മുസ്ലീമുകളായിരിക്കുന്ന സ്കൂളുകൾക്കാണു് വെള്ളിയാഴ്ചപ്പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതു്. ഈ സ്കൂളുകളിൽ വെള്ളിയാഴ്ചകളും റംസാൻ ദിനങ്ങളും ഒഴിവു ദിനങ്ങളാണ്. പകരം ഞായറാഴ്ച പ്രവർത്തിക്കണം. അപ്പോൾ അദ്ധ്യാപകരിൽ ഭൂരിഭാഗം പേരും മുസ്ലീമുകളും വിദ്യാർത്ഥികളിൽ ഭൂരിഭാഗംപേരും അമുസ്ലീമുകളുമായ സ്കൂളുണ്ടെങ്കിൽ എന്താണു സ്ഥിതി. വിരലിലെണ്ണാവുന്ന അദ്ധ്യാപകർക്കുവേണ്ടി ബഹുഭൂരിഭാഗം വരുന്ന വിദ്യാർത്ഥികൾ വെള്ളിയാഴ്ചപ്പരിഷ്ക്കരണങ്ങൾക്ക വിധേയമാകണമെന്നാണോ ഗവർമ്മെണ്ട് കരുതുന്നതു്. അദ്ധ്യാപകരിൽ ഭൂരിഭാഗം മുസ്ലീമുകളും വിദ്യാർത്ഥികളിൽ ഭൂരിഭാഗം മുസ്ലീമുകളല്ലാത്തവരുമാകുന്ന സ്ഥിതിയുണ്ടാകുന്നതിനു നിയമപരമായ തടസ്സമൊന്നുമില്ല. അങ്ങിനെയുള്ള സ്ഥിതി വരുത്താൻ ഗവർമ്മെണ്ട് ഇടവരുത്തുകയില്ലെന്നായിരിക്കാം കരുതുന്നതു്. അതിന്റെയർത്ഥം ഭൂരിഭാഗം വിദ്യാർത്ഥികൾ മുസ്ലീമുകളായുള്ള സ്കൂളുകളിലേക്ക് കഴിവതും മുസ്ലീമുകളായ അദ്ധ്യാപകരെത്തന്നെ നിയമിക്കുകയെന്നാണ്. ഇതിന്റെ ഫലം സർക്കാർ ചെലവിൽ വർഗീയാടിസ്ഥാനത്തിലുള്ള വിദ്യാലയങ്ങളുണ്ടാക്കലല്ലാതെ മററൊന്നുമല്ല.

ഗൗരവതരമായി ആലോചിക്കേണ്ട മററു ചില പ്രശ്നങ്ങളും ഈ പരിഷ്ക്കരണങ്ങൾക്ക പിന്നിലുണ്ട്. ഏതെങ്കിലും സ്കൂൾ മാപ്പിള സ്കൂളായി നിശ്ചയിക്കണമെങ്കിൽ അവിടത്തെ വിദ്യാർത്ഥികളുടെ മതം തിരിച്ചുള്ള കണക്ക് സൂക്ഷിക്കേണ്ടി വരുമല്ലോ. സ്കൂളിലെ മൊത്തം വിദ്യാർത്ഥികളുടെ പട്ടിക മതാടിസ്ഥാനത്തിൽ വേർതിരിച്ചു കണക്കാക്കുന്നതു് മതേതരത്വത്തിന്റെ തത്വങ്ങൾക്ക് ഒരിക്കലും നിരക്കുന്നതല്ല. അതു് വിദ്യാർത്ഥികളിൽ മതപരമായ ഭിന്നതകൾ വളർത്തുന്നതിനു മാത്രമേ ഉപകരിക്കൂ. മുസ്ലീം ലീഗ് മന്ത്രിയുടെ ഉദ്ദേശവും അതായിരിക്കണം. ഇന്ത്യയിൽ ഭരണ ഘടന പ്രകാരം തന്നെ മതാടിസ്ഥാനത്തിൽ വോട്ടർ പട്ടിക തയാറാക്കുന്നതു് നിരോധിച്ചിട്ടുണ്ട്. മുസ്ലീംലീഗിന്റെ വിഭാഗീയ ചിന്താഗതികൊണ്ടും പ്രത്യേക രാഷ്ട്രവാദം കൊണ്ടും മററുമുണ്ടായ ചരിത്രപരമായ കാരണങ്ങളാലാണ് ഭരണഘടനയിൽ ഈ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതു്. പക്ഷേ അതേയവസരത്തിൽ, സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പട്ടിക മതം തിരിച്ചു കണക്കാക്കേണ്ടുന്ന നിലയാണ് മുസ്ലീം ലീഗ് വിദ്യാഭ്യാസമന്ത്രിയുണ്ടാക്കിയിരിക്കുന്നതു്. ഒരുപക്ഷെ, പ്രത്യേക വോട്ടർ പട്ടികതയാറാക്കണമെന്ന പഴയ മുസ്ലീം ലീഗ് വാദത്തിന്റെ മുന്നോടിയായിരിക്കാം ഇതു്.

മതാടിസ്ഥാനത്തിലുള്ള ഇത്തരം പരിഷ്കരണങ്ങൾക്ക് മതാടിസ്ഥാനത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടായിത്തുടങ്ങിക്കഴിഞ്ഞു. 'ഞായറാഴ്ച ഒഴിവു ദിനമായിരിക്കണമെന്നതാണ് എല്ലാ ക്രിസ്ത്യാനികളുടേയും എല്ലാ പരിഷ്കൃത ജനങ്ങളുടേയും ആവശ്യം. അന്താരാഷ്ട്ര ഒഴിവു ദിനമായ ഞായറാഴ്ച കേരളത്തിൽ പ്രവൃത്തി ദിനമാക്കുകയെന്നുവെച്ചാൽ കേരളം കിരാതത്വത്തിലേക്ക പോകുന്നു എന്നാണ് അർത്ഥം. കത്തോലിക്കാ പത്രമാണ് 'ദീപിക' ഇങ്ങനെയാണ് മുഖപ്രസംഗമെഴുതിയിരിക്കുന്നതു്.

ഞായറാഴ്ച ഒഴിവ് ദിനമായിരിക്കണമെന്നത് ക്രിസ്ത്യാനികളുടെ ആവശ്യമാണെന്നാണ് 'ദീപിക' പറയുന്നത്. ഞായറാഴ്ച ക്രിസ്ത്യാനികളുടെ ഒഴിവ്ദിനമായിക്കണക്കാക്കുന്നുവെന്നത് കൊണ്ടുതന്നെ മുസ്ലീമുകളുടേതായ ഒരു ഒഴിവ് ദിനംവേണമെന്നു മുസ്ലീംലീഗ് മന്ത്രിക്കു തോന്നിയിരിക്കണം. ഇനി ഇതു്കണ്ട് ഹിന്ദു വിദ്യാർത്ഥികൾക്ക് തിങ്കളാഴ്ചയോ ബുധനാഴ്ചയോ മറേറാ ഒഴിവ്ദിനം നൽകണമെന്ന വാദം വന്നുകൂടായ്കയില്ല. ഞായറാഴ്ച ലോകവ്യാപകമായി എന്തു കാരണംകൊണ്ടായാലും ശരി ഒഴിവുദിനമാചരിക്കുന്നുണ്ട്. ബാങ്കുകൾ തുടങ്ങിയ മററു സ്ഥാപനങ്ങൾക്കും ഗവർമ്മെണ്ടിന്റെ സ്ഥാപനങ്ങൾക്കും എല്ലാം ദീർഘകാലമായി ലോകത്തിൽ മിക്കയിടത്തും

ശ്ശുകയില്ല. എന്തായാലും കോൺഗ്രസ്സിന്റെ നിലപാട് വ്യക്തമാകാതെ കേരളാ കോൺഗ്രസ്സിന്റേയും മററു കക്ഷികളുടേയും മുന്നണികളുടേയോ കൂട്ടുകെട്ടുകളുടേയോ ചിത്രം വ്യക്തമാകുകയില്ല.

അതിനാൽ ജൂലായ് 19നു ചേരുന്ന കെ. പി. സി. സി യോഗത്തിനു നിർണ്ണായക പ്രാധാന്യമുണ്ട്. കേരളാ കോൺഗ്രസ്സും മുസ്ലീംലീഗും ഉൾപ്പെട്ട മുന്നണിയുടെ ഭരണത്തെ താങ്ങിനിർത്തുന്നതിൽ പുരോഗമനത്തിനു തടസ്സമൊന്നും കാണാത്ത കെ. പി. സി. സി. നേതാക്കൾ സ്റ്റീഫൻ പക്ഷക്കാരുടെ വാദത്തിനു മറുപടി പറയാൻ അശക്തരായിരിക്കും. വലതു് കമ്യൂണിസ്റ്റ്കാരനെ മുഖ്യമന്ത്രിയാക്കിക്കൊണ്ടും അവരുടെ നേതൃത്വത്തിലുള്ള ഭരണത്തിനു കോൺഗ്രസ്സിന്റെ വോട്ടുകൊണ്ട് പിന്തുണ പ്രഖ്യാപിക്കുകയും അതേസമയം കേരളാ കോൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും ഭരണത്തിൽ പങ്കാളിയാക്കുകയും ചെയ്യുകയും കോൺഗ്രസ്സിനു അർഹമായ സ്ഥാനം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തെക്കാൾ കേരളാ കോൺഗ്രസ്സുമായി നേരിട്ട് ബന്ധപ്പെടുകയും അവർ വഴി മുസ്ലീംലീഗും സിൻഡിക്കേററുമായി ധാരണയുണ്ടാക്കുകയും കോൺഗ്രസ്സിനു കൂടുതൽ സ്ഥാനം നേടുകയും ചെയ്യാവുന്ന സ്ഥിതിയുണ്ടാക്കുന്ന 'സ്റ്റീഫൻ ലൈനി'നു കെ. പി സി സി യിൽ ഭൂരിപക്ഷം ലഭിച്ചു കൂടായ്കയില്ല.

നിയമസഭയിൽ ഏററവും കൂടുതൽ സ്ഥാനം നേടുന്നതിനു വേണ്ടി മർക്സിസ്റ്റ് കാരുൾപ്പെടെ ആരുമായി പ്രാദേശികതലത്തിൽ തെരഞ്ഞെടുപ്പ് ധാരണയുണ്ടാക്കുമെന്നു പ്രഖ്യാപിച്ചു കൊണ്ട്, ഒററക്കു് ഭൂരിപക്ഷം നേടാൻ വേണ്ടത്ര സ്ഥാനങ്ങളിൽ മാത്രം മത്സരിക്കുമെന്നു ഐക്യമുന്നണി തകർന്നയന്നു മുതൽ ഏകപക്ഷീയമായി കോൺഗ്രസ്സ് തീരുമാനിച്ചിരുന്നെങ്കിൽ ഇത്തവണ കേരളത്തിലെ വോട്ടർമാർ കോൺഗ്രസ്സിനു ഭൂരിപക്ഷം നൽകുമായിരുന്നു – 1965 മുതൽ കോൺഗ്രസ്സ് അനുവർത്തിച്ച നയത്തിന്റെ വിജയം കാണാറായ അവസരത്തിലാണ് കെ. പി. സി. സി. യിലെ ഇരുവിഭാഗം നേതാക്കളും ആ നയം കൈവെടിഞ്ഞതു്.

0

---

ഞായറാഴ്ചയാണൊഴിവ്. അതോടൊത്തു പോകുന്നതിനു വേണ്ടി ഞായറാഴ്ചയും എല്ലാവിദ്യാലയങ്ങൾക്കും ഒഴിവ് നൽകണമെന്നു നിശ്ചയിക്കുകയാണ് മതേതരമായ നടപടി. ദീർഘകാലമായി നടന്നുവരുന്നതും സാർവ്വത്രികമായി സ്വീകരിച്ചു കഴിഞ്ഞതുമായ ഒരു ഒരു സമ്പ്രദായത്തിനു മതപരമായ ആചാരങ്ങളുടെ പേരിൽ ഒരിക്കലും മാററം വരുത്താൻ അനുവദിക്കരുത്.

ഹിന്ദു വിദ്യാർത്ഥികളുടെ കാര്യത്തിൽ മതപരമായ ആചാരങ്ങളുടെ പേരിൽ മുമ്പുണ്ടായിരുന്ന സൌജന്യങ്ങൾ ഇല്ലാതായി മററുള്ളവരോടൊന്നിച്ചു ചേരുകയുണ്ടായിട്ടുണ്ട്. മുമ്പ് വാവു ദിവസങ്ങളിൽ ബ്രാഹ്മണ വിദ്യാർത്ഥികൾക്കു ഒരു മണിക്കൂർ വൈകിവരുന്നതിനു കൊച്ചിയിലെ വിദ്യാലയങ്ങളിൽ അനുവാദമുണ്ടായിരുന്നുവെന്നാണ് ഓർമ്മ. ഇന്നു എവിടെയും ആ പതിവില്ല. ഇവിടെ മതേതരത്വം എന്നുവെച്ചാൽ ഹിന്ദുക്കൾക്കു മാത്രം ആധുനിക പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയെന്നായിട്ടുണ്ട്. അതവസാനിപ്പിച്ചു എല്ലാവരേയും ആധുനികതക്കും യുക്തിക്കും നിരക്കുന്നവിധം പെരുമാറാൻ നിർബന്ധിക്കാതെ നിർവ്വാഹമില്ല.

വിദ്യാഭ്യാസ രംഗത്ത് മതപരമായ ഭിന്നതകളും വിഭാഗീയ ചിന്താഗതികളും കൊണ്ടു് വരുന്നതിനെ ചെറുത്ത് തോല്പിക്കുന്നതിനു വിദ്യാർത്ഥികളെങ്കിലും മുൻകയ്യെടുത്ത് പരിശ്രമിക്കേണ്ടിയിരിക്കുന്നു.

വിദ്യാർത്ഥി
എറണാകുളം

---

# അപ്രസക്തി

—മധുലിമായെ

തുടക്കത്തിൽ തന്നെ പറയട്ടെ—ഇടതും വലതും എന്ന വാക്കുകളിൽ എനിക്കത്ര കമ്പമൊന്നുമില്ല. ഇന്ത്യയുടെ സാഹചര്യങ്ങളിൽ ഈ വാക്കുകളുടെയർത്ഥം കൃത്യമായി നിർവ്വചിച്ചിട്ടില്ല. എന്തെങ്കിലും തരത്തിലുള്ള സോഷ്യലിസ്ററ് വിശ്വാസം പ്രകടിപ്പിക്കുന്ന കക്ഷികളെയെല്ലാം ഇടതെന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നുണ്ട്.

ഈ അവ്യക്തത കാരണത്താൽ തന്നെ കോൺഗ്രസ്സ് ഇടതെന്ന സത്വം ഉണ്ടാകാൻ ഇടയാക്കുകമാത്രമല്ല, ആ വാക്കു വിപുലമായി പ്രചാരത്തിൽ വരാനും ഇടയാകുന്നു. നിലവിലുള്ള അധികാര ഘടനയുടെ മുഖ്യമായ ചട്ടക്കൂടിന്റെ ഒരു ഭാഗത്തെ എങ്ങിനെയാണ് ഇടതു എന്നുവിളിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല.

പക്ഷെ ഈ വാക്കുകൾ പത്രക്കാരും രാഷ്ട്രീയ ലേഖകരും നിത്യേനയെന്നോണം ഉപയോഗിക്കുന്നതു കൊണ്ട്, സാധാരണ മനസ്സിലാക്കി വരുന്നയർത്ഥത്തിൽ തന്നെ എനിക്കും പ്രയോഗിക്കേണ്ടിവന്നേക്കാം.

ഇടതെന്നു പറഞ്ഞു വരാറുള്ളവർ ഇന്നു അലങ്കോലപ്പെട്ടുകിടക്കുകയാണെന്നുമാത്രമല്ല, അഗാധമായ പ്രതിസന്ധിയിൽ കുടുങ്ങിയിരിക്കയാണ്. 1940 നുശേഷമുള്ള ദശാബ്ദത്തിന്റെയവസാനഘട്ടത്തിൽ കമ്യൂണിസ്ററ് പാർട്ടിയും സോഷ്യലിസ്ററ് പാർട്ടിയും പ്രാദേശികതലത്തിലെ ചിലകൂട്ടമാളുകളും ചേർന്നാൽ ഇടതുമുഴുവനായി. ഇന്നു അങ്ങിനെയല്ല. മുഖ്യകക്ഷികൾ ഭിന്നിച്ചെന്നുമാത്രമല്ല. ഭിന്നിപ്പിനുള്ളിൽ അവസാനമില്ലാതെ ഭിന്നിപ്പുണ്ടായിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ വിമതരായ കോൺഗ്രസ്സുകാർ ഇടതുപക്ഷരാഷ്ട്രീയ വേദിയിൽ വന്നും പോയും കൊണ്ടിരിക്കുന്നു. പൊതുവെയുള്ള കുഴപ്പം ഇതിന്റെ ഫലമായി വർദ്ധിക്കുകയാണ്. അവസരവാദവും കൂടിക്കുഴച്ചിലുമാണ് ഇത്തരക്കാരുടെ മുദ്ര.

ഇടതുപക്ഷദൗർബ്ബല്യത്തിന്റെ ഒരു വശം മാത്രമാണ് ശിഥിലീകരണവും ഛിദ്രവാസനയും. ഇതിനെക്കാൾ വളരെയേറെ ഗുരുതരമായ കാര്യം ഇടതുപക്ഷത്തിന്റെ ലക്ഷ്യബോധമില്ലായ്മയും അതിന്റെ നയങ്ങളിലും മിക്ക പ്രവർത്തനങ്ങളിലുംകാണുന്ന വ്യർത്ഥതയും അപ്രസക്തിയുമാണ്.

ഇടതുപക്ഷത്തെ പൊതുവെ ബാധിച്ചിട്ടുള്ള സ്തംഭനം ബഹുജനമുന്നണികളേയും ബാധിച്ചിട്ടുണ്ട്. തൊഴിലാളി യൂണിയനുകൾ, കർഷക പ്രസ്ഥാനം യുവാക്കളുടെ സംഘടനകൾ എന്നിവയൊക്കെ താറുമാറായിരിക്കയാണ്. എണ്ണത്തിൽ വിദ്യാർത്ഥികളുടെ ശക്തി വർദ്ധിച്ചിട്ടും വിദ്യാർത്ഥി സംഘടനകളും തകരാറിലായിരിക്കുന്നു.

പ്രധാനപ്പെട്ട ഇടതുപക്ഷ ഗ്രൂപ്പുകൾ സ്വീകരിച്ചു രാഷ്ട്രീയമായ വളഞ്ഞ വഴിക

Vol. 1

No. 22

# NIRNAYAM

(ERNAKULAM 12TH JULY 1970)

Price 35 Ps.

ളും പരസ്പരമുള്ള കലഹങ്ങളും പരിശോധിച്ചാൽ വെറുപ്പുണ്ടാക്കുന്ന ചിത്രമാണ് ലഭിക്കുക.

മാർക്സിസ്റ്റ് നേതാക്കൾ ദേശീയതലത്തിൽ ഭാവിയിലുണ്ടാക്കേണ്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാതൃകയായി കൊണ്ടുനടന്ന കേരളത്തിലെ ഐക്യമുന്നണിയും കൂട്ടുകക്ഷിഭരണവും അടിസ്ഥാനപരമായ ഭരണപരിഷ്ക്കാരങ്ങളും പരിവർത്തനത്തിനുതകുന്ന നിയമനിർമ്മാണങ്ങളും നടത്തുന്നതിനു കഴിവില്ലെന്നു സംശയാതീതമായി തെളിയിച്ചു കഴിഞ്ഞു. അഴിമതിയെ സംബന്ധിച്ച ഗൗരവാവഹമായ ഒരു തർക്കത്തിൽപ്പെട്ടു തകർന്നുവീണു.

കേരള നിയമസഭയിലെ ഒരു സർവ്വകക്ഷി കമ്മിററിക്ക് പ്രാരംഭാന്വേഷണം പ്രഥമദൃഷ്ട്യായുള്ള പരിശോധന വിട്ടുകൊടുത്തുകൊണ്ട് ഇ. എം. എസ്സ്. നമ്പൂതിരിപ്പാടിനു എന്തുകൊണ്ടാണ് തർക്കം പരിഹരിക്കാൻ സാധിക്കാതെ പോയതു്?

പടിഞ്ഞാറെ ബംഗാളിൽ കേന്ദ്രറിസർവ്വ് പോലീസിനേയും വ്യവസായ സംരക്ഷണ സേനയേയും നിയോഗിച്ചതിനെതിരായി ജ്യോതിബാസു ശബ്ദകോലാഹലമുണ്ടാക്കുകയും കേന്ദ്ര–സംസ്ഥാന സംഘട്ടനത്തെപ്പററി നിരന്തരം പറഞ്ഞുനടക്കുകയും ചെയ്തുവെങ്കിലും ഐക്യമുന്നണി ഗവർമ്മെണ്ടിന്റെ പരിപാടിയിലുള്ള പാപ്പരത്വം നിത്യേനയെന്നോണം വെളിപ്പെടുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സംഘട്ടനം ഒരിക്കലും ഉണ്ടാക്കുന്നുമില്ല. ജനങ്ങളുടെ അടിയന്തിര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള കൂട്ടുകക്ഷി ഗവർമ്മെണ്ടിന്റെ കഴിവുകേട് മറച്ചുവെക്കുന്നതിനു പ്രാദേശിക വികാരങ്ങളെ പ്രാകൃതമായി ആർത്തി പിടിപ്പിക്കുന്നതുവഴി സാധിച്ചതുമില്ല.

തൊഴിലാളി യൂണിയനുകളെ നിർബന്ധപൂർവ്വം അംഗീകരിപ്പിക്കുന്നതിനും പ്രാതിനിധ്യ സ്വഭാവം നിശ്ചയിക്കുന്നതിനു ബാലറ്റെടുപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം എന്തുകൊണ്ട് നടത്തിയില്ല? അതവിടെ കിടന്നോട്ടെ എന്നുവെച്ചു അതിനെക്കാൾ പ്രധാനം ഐക്യ മുന്നണിയിലെ സഹോദര കക്ഷികളെ ആക്രമിക്കലായിരുന്നു.!

പടിഞ്ഞാറെ ബംഗാളിലെ നഗരകേന്ദ്രങ്ങളിൽ സൗജന്യമായി പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാൻ സൗകര്യമില്ലാത്തതിന്റെ നാണക്കേട്! കോൺഗ്രസ്സ് ഭരണ കാലത്തെപ്പോലെ തന്നെ, കൽക്കത്ത മേഖലയിൽ, സ്കൂളിൽ പോകേണ്ട പ്രായത്തിലുള്ള കുട്ടികളിൽ 40 ശതമാനം പേരും സ്ക്കൂളിൽ പോകാതിരിക്കുന്നതിന്റെ അപമാനം! ഇതിലെല്ലാം എന്ത് അടിയന്തിര പ്രാധാന്യമായിരിക്കുന്നു? സമയമാകുമ്പോൾ അതും വേണ്ടപോലെ കൈകാര്യം ചെയ്യാമല്ലോ?

വിപ്ലവത്തിന്റെ നാടായ ബംഗാളിൽ നാൽക്കവലകളെ വികൃതമാക്കിക്കൊണ്ട് നിൽക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വ പ്രതിമകളെടുത്തു മാററിയോ? അതെല്ലാം വിശാല വീക്ഷണമില്ലാത്ത ദേശീയ ഭ്രാന്തായിരിക്കും? നമ്മളെല്ലാം വിശാല വിശാല വീക്ഷണമുള്ള സാർവ്വലൗകികരല്ലേ? ഈ പ്രതിമകളൊക്കെ അവിടെത്തന്നെയിരുന്നോട്ടെയെന്നുവെയ്ക്കാനുള്ള വിശാല വീക്ഷണം നമുക്കുണ്ടാകേണ്ടതല്ലേ?

സംസ്ഥാനത്തിലെ ചെറുകിട ഭൂവുടമകളിൽ നിന്നു ഭൂനികുതി ഈടാക്കുന്നത് അവസാനിപ്പിക്കുന്ന കാര്യമോ? തീർച്ചയായും വേണം. അത് മുപ്പത്തിരണ്ടിന പരിപാടിയിലുണ്ടല്ലോ. ഇത് ക്രമേണ നടപ്പാക്കാനല്ലേ നാം ഉദ്ദേശിക്കുന്നത്? എന്തിനു തിടുക്കം കൂട്ടുന്നു?

സാമ്പത്തികവികസനത്തിനു, തൊഴിൽ സാദ്ധ്യതകൾ ധാരാളമുള്ളയൊരു പദ്ധതി നടപ്പാക്കുക? കേന്ദ്ര-സംസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തിടത്തോളം ഒന്നും ചെയ്യാനാവില്ല.

മുമ്പത്തെ കോൺഗ്രസ്സ് മന്ത്രിമാരുടെ പേരിലും നേതാക്കളുടെ പേരിലുമുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ചു അന്വേഷണം നടത്തിയോ? ഇല്ല, ഇല്ല അത് തെരഞ്ഞെടുപ്പ് പ്രചാരണകാലത്ത് പ്രസംഗിക്കാൻ നല്ല സംഗതിയായിരുന്നു. പക്ഷെ ഇനിയൊരു വേട്ടയാടൽ നടത്താൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം കോൺഗ്രസ്സ്കാർക്കെതിരായ അന്വേഷണം തുടങ്ങിയാൽ ഐക്യമുന്നണി മന്ത്രിമാർക്കെതിരായ ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തണമെന്നാവശ്യം വരും. അതുകൊണ്ട്, എന്തിനാണ് അനാവശ്യമായി കടന്നൽക്കൂട്ടിൽ കല്ലെറിയുന്നത്?

ഐക്യമുന്നണിയെ നടത്തിക്കൊണ്ടുപോകുന്ന പ്രേരണാശക്തി അധികാരത്തിൽ തുടരുക, ഉള്ളതനുഭവിക്കുക എന്നതാണ്. കക്ഷിതാൽപ്പര്യം മെച്ചപ്പെടുത്താനും കൂടി സാധിച്ചാൽ കൂടുതൽ നല്ലത്! കൂട്ടുകക്ഷിക്കാരെ ഒരുമിച്ചിണക്കുന്ന ഏകകണ്ണി ഒരു പക്ഷെ, ഇത്മാത്രമാണ്.

പടിഞ്ഞാറെ ബംഗാളിലെ ഐക്യമുന്നണിയിലെ പ്രധാന പങ്കാളികൾ എല്ലാ തത്വങ്ങളും ചവിട്ടിമെതിച്ചു. മന്ത്രിസഭയിൽ ലെജിസ്ലേററീവ് കൌൺസിലിലെ അംഗങ്ങളെ കുത്തിനിറച്ചു. ലെജിസ്ലേററീവ് കൌൺസിലുകൾ അവസാനിപ്പിക്കുമെന്നാണ് ഈ കക്ഷികൾ പ്രഖ്യാപിച്ചിരുന്നത്, ഇതു മാത്രമല്ല, രണ്ടു സഭയിലും അംഗങ്ങളല്ലാതിരുന്ന വരെ മന്ത്രിമാരായി നോമിനേററ് ചെയ്തു. പടിഞ്ഞാറെ ബംഗാൾ നിയമസഭയിൽ എസ്സ്. എസ്സ്. പി. അംഗമായ ശൈലൻ അധികാരി കൌൺസിലുകൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രമേയം നിർബ്ബന്ധപൂർവ്വം അവതരിപ്പിച്ചു. ഐക്യ മുന്നണിഭരണം അവസാനം ഇതു ഔദ്യോഗിക പ്രമേയമായി അവതരിപ്പിക്കാൻ നിശ്ചയിച്ചു. കോൺഗ്രസ്സ് പിന്തുണ കൂടി കിട്ടിയപ്പോൾ പ്രമേയം ഐകകണ്ഠേന പാസ്സാകുകയും ചെയ്തു.

(തുടരും)

Edited printed and published by M. A. John Convent Road, Cochin-11

at Empees press, Gopalprabhu Road, Cochin -11